

THE SUNDAY SCHOOL

Vol. I | Kottayam | March 1973 | No. I



വാകത്താനം യൂണൈറ്റഡ് സിറിയൻ സൺഡേസ്കൂളിന്റെ ജൂബിലി ആഘോഷങ്ങൾ 1972 ജൂലൈ 2-ാം തീയതി ഞായറാഴ്ച വാകത്താനം യു. പി. സ്കൂളിൽ കൊച്ചി ഇടവകയുടെ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ ഇടുക്കി ജില്ലാ കലക്ടർ ശ്രീ. ബാബു പോൾ I. A. S. പ്രസംഗിക്കുന്നു.

ORGAN OF THE O.S.S.A.E.

OSSAE· അഖില മലങ്കര മത്സരങ്ങൾ

സീനിയർ വിഭാഗം.

പ്രസംഗം. 1. ഏബ്രഹാം കോശി [എറണാകുളം] ലീലാമ്മ ജോർജ് [വാകത്താനം യുണൈററഡ്.
2. പി.സി. റഞ്ജി [കായംകുളം] തമ്പി കുര്യൻ [തെ. വാഴക്കുളം.]

സംഗീതം. 1. എം. ജെ. ഏലിയാമ്മ [കളന്തൂര്] വത്സ തോമസ് [വാകത്താനം യുണൈററഡ്]
2. എം. ഗ്രേസി]പറക്കോട്ട് മാർ അപ്രേം] സൂസൻ ചെറിയാൻ [കായംകുളം.] മോളി വറുഗീസ് [വെണ്ണിക്കുളം തൃപ്പൂണിത്തുറ]

സമൂഹഗാനം 1. ടി. സൂസമ്മ & പാർട്ടി [പറക്കോട്ട് മാർ അപ്രേം] കെ. പി. മോളി & പാർട്ടി [കരിങ്ങാച്ചിറ]
2. അബ്ര ജോർജ് & പാർട്ടി [ആലുവാ] സൂസൻ ചെറിയാൻ & പാർട്ടി [കായംകുളം]

വാക്യമത്സരം 1. ടി. ഏബ്രഹാം [പുളിമൂട് സെ. പോൾസ്] ജോസ് കെ. പൌലൂസ് [കോതമംഗലം സെ. മേരീസ്]
2. രാജു പൌലൂസ് [കോതമംഗലം സെ. മേരീസ്] പി. ഐ. തോമസ് [വെള്ളൂത്തുരുത്തി]

പൊതുവിജ്ഞാനം 1. ലീലാമ്മ ജോർജ് [വാകത്താനം യുണൈററഡ്] സി. ഐ. പീററർ [പഴഞ്ഞി]
2. വി. എ. മാത്യു [പിറവം] വറുഗീസ് മത്തായി [വടവുകോട്]. റോസമ്മ ദാനിയേൽ [മാന്തളിർ]

ജൂനിയർ വിഭാഗം.

പ്രസംഗം 1. റോയി മാത്യു [എറണാകുളം] ജാൻസി മോാം [കുഴിമററം]
2. ആനിമോാം [വെള്ളൂത്തുരുത്തി] ബിജു മാത്യു [വെട്ടിത്ര മാർ മിഖായേൽ]

സംഗീതം 1, പൈലോ പോാം [കൊച്ചി] പി. കെ തോമസ് [നിരണം]
2. സാലി ജോർജ് [കട്ടച്ചൽ] കെ. സി. വത്സ [കക്കാട് പിറവം]

സമൂഹഗാനം 1. അനിലാ മാത്യു & പാർട്ടി [പുതുപ്പള്ളി] ടി. എം. വത്സ & പാർട്ടി [കക്കാട പിറവം]
2. പി, പി. ഓമന & പാർട്ടി [കോലഞ്ചേരി] സിസി സൂസാൻ [ഞാലിയാകുഴി]

വാക്യമത്സരം 1. മോളമ്മ മാത്യു [കുഴിമററം] സൈമൺ കെ. പൌലൂസ് [കോതമംഗലം സെ മേരീസ്]
2. സീബാ ജോർജ് [കാററാടി എറണാകുളം] കെ. പി. ജോസ് [കാരിക്കോട് മൂളക്കുളം] എം. കെച്ചുണ്ണുണ്ണി [വില്ലൂർ പുനലൂർ]

സൺഡേസ്കൂൾ അദ്ധ്യാപകൻ “മഹാത്മാ”വാണു്.

അലക്സാണ്ടർ, നെപ്പോളിയൻ ആദിയായവർ മഹാന്മാർ (Great) എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്നു. കാരണം, കരബലംകൊണ്ടവർ രാജ്യങ്ങൾ കയ്യടക്കി. പിടിച്ചെടുക്കുന്നവനെ മഹാൻ എന്നു വ്യവഹരിക്കുന്ന കാലമായിരുന്നു അതു്. എന്നാൽ കരബലവും സേനാബലവും ഇല്ലാതിരുന്ന—ഒരു രാജ്യവും യുദ്ധം മൂലം പിടിച്ചെടുക്കാതിരുന്ന ഗാന്ധിയെ ആധുനിക ലോകം മഹാൻ എന്നു വിളിക്കയാണു്. കാരണം, ലോകത്തിൽനിന്നു് ''എടുക്കുന്നതിലല്ല''; പ്രത്യുത ലോകത്തിനു് നവമായി എന്തെങ്കിലും ''കൊടുക്കുന്നതിലാണു്'' മാഹാത്മ്യം എന്നാണു് സംസ്കാരമുള്ളവരുടെ അഭിമതം. വരുമാനവും ബഹുമാനവും ലോകത്തിൽനിന്നു സ്വീകരിക്കാതെ, വളരുന്ന ലോകം തളരാതിരിക്കത്തക്കവണ്ണം അവർക്കു് അദ്ധ്യാത്മിക വിജ്ഞാനം വിതരണം ചെയ്യുന്ന സൺഡേസ്കൂൾ അദ്ധ്യാപകനെപ്പോലെ 'മഹാൻ' മററാരുമില്ല! രംഗം എത്ര ചെറുതുമായിക്കൊള്ളട്ടെ, ചെയ്യുന്ന സേവനം വലുതാണു്. ആദായത്തിനുള്ള ആഗ്രഹം അലയടിച്ചുയരുമ്പോൾ ആത്മാക്കളെ ആദായപ്പെടുത്തണമെന്നുള്ള ആഗ്രഹം താണുതാണു പോകും.

ശിശുക്കളെ അടുക്കൽ വിളിച്ചനുഗ്രഹിക്കയും സർവ്വർക്കും അദ്ധ്യാത്മികാദ്ധ്യാപനത്തിന്നായി സമയം വിനിയോഗിക്കയും ചെയ്ത നമ്മുടെ കർത്താവിന്റെ 20-ാം നൂററാണ്ടിലെ പ്രാതിനിദ്ധ്യമാണു് ഒരു സൺഡേസ്കൂൾ അദ്ധ്യാപകൻ ബലഹീതയോടെയെങ്കിലും നിർവ്വഹിക്കുന്നതെന്ന ബോദ്ധ്യമാണു് അയാൾക്കു് ഉത്തേജനം നൽകുന്നതു്. കരുത്തുള്ള കരങ്ങൾ കരുതലോടെ താങ്ങുമ്പോൾ ഏതു ബലഹീനനും ബലവാനാകാവുന്നതാണു്. 'എന്നെ ശക്തിപ്പെടുത്തുന്നവൻ മൂലം ഞാൻ സകലത്തിനും പ്രാപ്തനാണെ'ന്നുള്ള വി. പൌലൂസിന്റെ പ്രഖ്യാപനം ഒരു ക്രൈസ്തവൻ ദിവാനിശം അയവിറക്കേണ്ട മതപ്രസ്താവനയാണു്. കർത്തൃപ്രാതിനിദ്ധ്യം വഹിച്ചു പ്രവർത്തിക്കുന്നതിൽപരമായ മാഹാത്മ്യം മറെറാന്നില്ലതന്നെ.

ഇത്തരുണത്തിൽ 51—ാം സങ്കീർത്തനത്തിലെ ഈ വാചകങ്ങൾ സ്മരണീയമാണു്. 1) മഹത്വമുള്ള നിന്റെ റൂഹാ എന്നെ താങ്ങുമാറാകണമെ. 2) അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. 3) (അപ്പോൾ) പാപികൾ നിങ്കലേക്കു തിരിയും! അതായതു് സഭവഴിയായി സംസിദ്ധമാകുന്ന പരിശുദ്ധാത്മ ബലത്തോടെ—അദ്ധ്യാപനം നടത്തുമ്പോൾ—പ്രകടമായ പ്രത്യാഘാതമുണ്ടാകുകതന്നെ ചെയ്യും. സ്വയത്തിൽ അഹങ്കരിക്കുന്നവനു് പരിശുദ്ധാത്മാവിന്റെ സഹകരണം നഷ്ടപ്പെടുകയാണു്!

'പോയിക്കാണുക—ചെന്നു ചെയ്യുക' ആദിയായ നിർദ്ദേശങ്ങൾ അനുസരിക്കുന്ന കാലം എന്നേയ്ക്കുമായി പൊയ്പ്പോയ വിവരം അദ്ധ്യാപകനു ബോദ്ധ്യമുണ്ടായിരിക്കണം. 'വന്നു കാണുക—വരിക നമുക്കു ചെയ്യാം' എന്നു പറഞ്ഞാലെ ആധുനികകാലത്തു് അല്പമെങ്കിലും പ്രയോജനമുണ്ടാകൂ. ക്രിസ്തുവിനേയും, സഭയേയും കൂദാശകളേയും ചൂണ്ടിക്കാണിക്കമാത്രം ചെയ്യുന്ന അദ്ധ്യാപകൻ പരാജിതനാകും; പ്രത്യുത ക്രിസ്തുവിനെ, തന്റെ സഭാപരവും കൌദാശികവുമായ ജീവിതം കൊണ്ടു് തന്നിൽക്കൂടെ കാണിക്കാൻ കഴിവു

Marthoman E Library

ള്ള ഗുരുവാണു് ലോകോപകാരം ചെയ്തു വിജയിക്കുന്നതെന്നോക്കണം.

അതുപോലെതന്നെ സെക്കുലർ സ്കൂളിലെ വിദ്യാർത്ഥികളോടുള്ള കടപ്പാടുകൾ മാത്രമല്ല സൺഡെസ്കൂൾ അദ്ധ്യാപകനുള്ളതു്, മാനസികമായ വിജ്ഞാനം പകരുന്ന അവരെപ്പോലെ മാത്രമാണു് താനും എന്നു്, മാനസികവും ആദ്ധ്യാത്മികവുമായ വിജ്ഞാനം വിളമ്പുക മാത്രമല്ല, പ്രായോഗിക ജീവിതത്തിൽ അവക്കു് മാർഗ്ഗദർശികൂടിയായിരിക്കേണ്ട ഇവർ ഒരിക്കലും വിചാരിച്ചുകൂടാത്തതാണു്. സയൻസ് അദ്ധ്യാപകൻെറ തീയറി പഠിപ്പിക്കൽ പ്രാക്ടിക്കൽ വഴിയായി 'ലാബിൽ' തെളിയിച്ചുകൊടുക്കാറുണ്ടു്. സ: സ്കൂൾ അദ്ധ്യാപകൻ—അയാളുടെ ജീവിതം തന്നെയാണു്—അയാളുടെ ലാബൊറട്ടറി. വിദ്യാർത്ഥികളെ പ്രതിദിനം തൻെറ പ്രാർത്ഥനയിൽ ദൈവമുമ്പാകെ സമർപ്പിക്കാത്ത ഒരു മതാദ്ധ്യാപകനു് മഹത്തായ നേട്ടങ്ങൾ പ്രതീക്ഷിക്കാനില്ല. തൻെറ ജീവിതമാകുന്ന പുസ്തകം പിഞ്ചുകുഞ്ഞുങ്ങൾക്കു വായിക്കത്തക്ക പരിശുദ്ധിയില്ലാത്ത അദ്ധ്യാപകൻ എത്ര നല്ല പുസ്തകങ്ങൾ പഠിപ്പിച്ചാലും അതുമൂലം ഫലമൊന്നുമുണ്ടാകയില്ല.

''കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ'' എന്ന ഒരു കിരാതഭാവമുള്ള കാലമുണ്ടായിരുന്നു. അതായതു് അടിച്ചാൽപോലും കൊല്ലുമെന്നുള്ള വ്യവസ്ഥിതി. അതിൽനിന്നു ഒരു പുരോഗമനമാണു് മോശൈക വ്യവസ്ഥിതി—കണ്ണിനു പകരം കണ്ണു് (മാത്രം) അഥവാ അനുപാതികമായ പ്രതിക്രിയ. നമ്മുടെ കർത്താവു കല്പിച്ചു. 'നിൻെറ വലത്തെ ചെകിട്ടത്തടിക്കുന്നവനു് മററതും കാണിച്ചുകൊടുക്കുക' എന്നു്. അക്രമരഹിതമായ സാഹോദര്യ മനസ്ഥിതി—അത്യുത്തമ വ്യവസ്ഥിതി. ക്രൈസ്തവൻപോലും കിരാതവ്യവസ്ഥിതിയിലേക്കു് തലതിരിഞ്ഞുവീണിരിക്കുന്ന ആധുനിക കാലത്തു് ക്രൈസ്തവ വ്യവസ്ഥിതി പ്രാവർത്തികമാക്കാനുള്ള ഉത്തരവാദിത്വമാണു് സൺഡെസ്കൂൾ അദ്ധ്യാപകനുള്ളതു്.

നന്മക്കു പകരം തിന്മ, തിന്മക്കു പകരം തിന്മ—നന്മക്കു പകരം നന്മ—തിന്മക്കു പകരംപോലും നന്മചെയ്യുന്ന നാലു സ്വഭാവങ്ങൾ ലോകത്തിൽ കാണാം. 1—ാമത്തേതു പൈശാചികം, 2—ാമത്തേതു് മൃഗീയം. 3—ാമത്തേതു് മാനുഷികം. 4—ാമത്തേതു് ദൈവീകം. പൈശാചിക സ്വഭാവമില്ലാതെ മൃഗീയതത്വത്തിൽ നിന്നു ദൈവസ്വഭാവത്തിലേക്കുയർന്നു് അതു കൈമുതലായി കരുതുന്ന ഒരു പുതിയ തലമുറ സൃഷ്ടിക്കുന്നതിലാണു് സൺഡെസ്കൂൾ അദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതു്.

മത്സ്യത്തെപ്പോലെയോ അതിലധികമായോ ജലാന്തർഭാഗത്തു ചരിക്കാനും, പക്ഷിയേക്കാളേറെ ഉയരത്തിൽ വാനത്തിൽ പറക്കാനും പഠിച്ച മനുഷ്യൻ, മനുഷ്യനെപ്പോലെ ജീവിക്കാൻ പഠിച്ചില്ല എന്നതാണു് ശോകസത്യം! 'ഞാൻ ആരാണു്? എവിടെനിന്നു വന്നു? എന്തിനായി വന്നു? എവിടേയ്ക്കു പോകും? എന്ന 4 കാര്യങ്ങളെക്കുറിച്ചു് ബോധമുള്ളവൻ മാത്രമാണു് മനുഷ്യൻ' എന്ന പേരിനർഹൻ. മൌലികങ്ങളായ മേൽപറഞ്ഞ പ്രശ്നങ്ങൾ യഥാതഥം അറിയാനും അതനുസരിച്ചു പ്രവർത്തിക്കാനും വളരുന്ന തലമുറയ്ക്കു് കൈത്തിരി കാണിച്ചുകൊടുക്കുന്ന സൺഡെസ്കൂൾ അദ്ധ്യാപകൻെറ മാഹാത്മ്യം അവർണ്ണനീയമാണു്.

* * * * * *

1972-ലെ നമ്മുടെ പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള നേട്ടങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നതോടൊപ്പം 1973—ലെ പ്രവർത്തനം കൂടുതൽ വിജയകരമാക്കാനുള്ള ഒരു പുനഃപ്രതിഷ്ഠയ്ക്കു നിശ്ചയിക്കാം. നിരാശയും മനസ്സിടിവും തോന്നാവുന്ന സാഹചര്യങ്ങളിൽപോലും ലക്ഷ്യബോധത്തോടെ സത്യസന്ധമായും ഉത്തരവാദിത്വബോധത്തോടെയും നമുക്കു പ്രവർത്തിച്ചുകൊണ്ടിരിക്കാം.

സെക്കുലർ സ്കൂളിലെപ്പോലെ വിജയശതമാനത്തിൻെറ ഉയർച്ച മാത്രമല്ല നമ്മുടെ ല

[ശേഷം 6—ാം പേജിൽ]

ജീവിതത്തിലെ മൂന്നു രംഗങ്ങൾ

(ധ്യാനഗുരു)

വേദപുസ്തകം ഒരു കണ്ണാടിപോലെയാണു്. അതിൽ മനുഷ്യനു് അവന്റെ സ്ഥിതി എങ്ങിനെയിരിക്കുന്നുവെന്നു് കാണ്മാൻ കഴിയും. വേദപുസ്തകം ദൈവത്തിന്റെ ഫോട്ടോ സ്റ്റുഡിയോ ആണു്. ആ സ്റ്റുഡിയോയിൽ നമ്മുടെ ഓരോരുത്തരുടെയും ചിത്രം ഉണ്ടു്. ദൈവം നമ്മെ കാണുന്ന വിധം അവിടെ നമുക്കു് കാണാൻ കഴിയും. ദൈവം മനുഷ്യരെ തരംതിരിച്ചിരിക്കുന്ന വിവിധ ചിത്രങ്ങളിൽ ഒരു തെററും വരികയില്ല.

മനുഷ്യരെ മൂന്നു ഗ്രൂപ്പുകളായിട്ടു് ഈ സ്റ്റുഡിയോയിൽ നിരത്തിവച്ചിരിക്കുന്നു. പ്രാകൃതരംഗത്തിലുള്ള പ്രാകൃത മനുഷ്യൻ; ജഡീക രംഗത്തിലുള്ള ജഡീക ക്രിസ്ത്യാനികൾ; ആത്മീയ രംഗത്തിലുള്ള ആത്മീയ ക്രിസ്ത്യാനികൾ—ഏതു രംഗത്തിലാണു് നിങ്ങളുടെ ചിത്രം ഇരിക്കുന്നതു് എന്നു നിങ്ങൾ അറിയേണ്ടതത്രെ.

Marthoman E Library

പ്രാകൃതമനുഷ്യനെപ്പററി നമുക്കു് ആദ്യം പരിശോധിക്കാം—

1. കൊരി. 2: 14. ''എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അതു് അവനു ഭോഷത്വം ആകുന്നു. ആത്മീയമായി വിവേചിക്കേണ്ടതാകയാൽ അവനു് ഗ്രഹിപ്പാൻ കഴിയുന്നതുമല്ല.''

ഈ വാക്യത്തിൽ പ്രാകൃത മനുഷ്യന്റെ മൂന്നു ലക്ഷണങ്ങൾ പറയുന്നു. 1) ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളാത്തവനാണു് പ്രാകൃത മനുഷ്യൻ. 2) ദൈവാത്മാവിന്റെ ഉപദേശം ഭോഷത്വമായി പ്രാകൃത മനുഷ്യൻ കരുതുന്നു. 3) ആ ഉപദേശം പ്രാകൃത മനുഷ്യനു് ഗ്രഹിപ്പാൻ കഴിയുന്നതല്ല.

ഈ 3 ദോഷങ്ങൾ പ്രാകൃത മനുഷ്യനിൽ കാണുന്നതു എന്തുകൊണ്ടു്? അവൻ ദൈവത്തോടു് ശരിയായ ബന്ധം പാലിക്കാത്തതുകൊണ്ടാണു്. ദൈവത്തോടു ശരിയായ ബന്ധം പാലിക്കുന്നതിനു് ഒരേ ഒരു മാർഗ്ഗമാണു് വേദപുസ്തകം വെളിപ്പെടുത്തിയിരിക്കുന്നതു്. യോഹ. 14: 16 ''യേശു അവനോടു് ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.'' ഈ വാക്യം പഠിപ്പിക്കുന്നതു് ദൈവവുമായി ശരിയായ ബന്ധം പാലിക്കാൻ ഒരുവൻ യേശുക്രിസ്തു വഴിയായി പിതാവിനോടു് സമീപിക്കണം എന്നാണു്. അതിനാൽ ക്രിസ്തുവിനെ അപ്രകാരം കൈക്കൊള്ളാതിരിക്കുന്നവർ പിതാവായ ദൈവത്തിൽനിന്നും അകന്നിരിക്കുന്നു.

(ഫലിത) പ്രസംഗകൻ 'തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനെ സ്നേഹിക്കണ'മെന്നു ഘോരഘോരം പ്രസംഗിക്കയായിരുന്നു. ഒരാൾ ഓടിവന്നു് അങ്ങയുടെ വീടിനു തീ പിടിച്ചുവെന്നു പറഞ്ഞു. പ്രസംഗകൻ ഉടനെ വീട്ടിലേക്കോടി. വഴിക്കുവച്ചു് ഒരാൾ പറഞ്ഞു: അങ്ങയുടെ വീടല്ല—അടുത്ത വീടാണു് കത്തിപ്പോയതു് എന്നു പറഞ്ഞു. പ്രസംഗകൻ:— ദൈവത്തിനു സ്തോത്രം എന്നു പറഞ്ഞു് തിരികെ പോയി!

* * * * * * = *

അദ്ധ്യാ:— അദ്ധ്യാപകൻ വിദ്യാർത്ഥിയെ അടിച്ചു. ഏതു കാലം?

വിദ്യാ:— കഴിഞ്ഞ (ഭൂത) കാലം.

അദ്ധ്യാ:— വരും (ഭാവി) കാലം പറയുക.

വിദ്യാ:— വിദ്യാർത്ഥി അദ്ധ്യാപകനെ അടിക്കും.

ദൈവത്തിൽനിന്നും ഇങ്ങനെ വേർപെട്ടു് നിൽക്കുന്നവരെയാണു് പ്രാകൃത മനുഷ്യർ എന്നു് പറയുന്നതു്.

പരിശുദ്ധാത്മാവിന്റെ ഉപദേശം കൈക്കൊള്ളാതിരിക്കുവാനൊ, നന്നായി തോന്നാതിരിക്കുന്നതിനൊ ഗ്രഹിപ്പാൻ കഴിയാത്തതിനൊ കാരണം അവനു് പരിശുദ്ധാത്മാവില്ല എന്നുള്ളതാണു്. ഒരുവൻ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിനു് ചില വ്യവസ്ഥകൾ വേണമെന്നു് വേദപുസ്തകം പഠിപ്പിക്കുന്നു. പ്രവൃത്തികൾ 2: 38 ''നിങ്ങൾ മാനസാന്തരപ്പെട്ടു് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു് എന്ന ദാനം ലഭിക്കും;'' എഫേ.1: 13–14, ''അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു്, തന്റെ സ്വന്ത ജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ടു് നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു.''

എഫേസ്യ ലേഖനത്തിലെ വാക്യങ്ങളിൽനിന്നും സുവിശേഷം കേൾക്കണമെന്നും ക്രിസ്തുവിൽ വിശ്വസിക്കണമെന്നും രണ്ടു സംഗതികൾ നാം ഗ്രഹിക്കുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽനിന്നും മാനസാന്തരപ്പെടണമെന്നും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കണമെന്നും വേറെ രണ്ടു സംഗതികൾ കാണുന്നു. സ്നാനത്തോടുകൂടെ അധികാരമുള്ളവൻ പരിശുദ്ധാത്മാവിന്റെ സ്വീകരണത്തെ ഉദ്ദേശിച്ചു പ്രവർത്തിയ്ക്കുന്നുണ്ടെന്നു് അറിഞ്ഞിരിക്കണം. നാം സുവിശേഷം കേട്ടുവോ? മാനസാന്തരപ്പെട്ടുവോ? യേശുക്രിസ്തുവിൽ വിശ്വസിച്ചുവോ? യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏററുവോ? ഈ നാലു് കാര്യങ്ങൾ നടന്നിട്ടുണ്ടെങ്കിൽ പ്രാകൃത മനുഷ്യനല്ല. 1 കൊരി. 12:3-ൽ 'പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവു് എന്നു് പറവാൻ ആർക്കും കഴികയില്ല' എന്നു കാണുന്നു. അതിനാൽ യേശുവിനെ ആർ തന്റെ കർത്താവിയിട്ടു് സാക്ഷിക്കുവാൻ സത്യത്തിൽ സാധിക്കുന്നവനാണോ അവൻ പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടുള്ളവനാണു്. അവനെ പ്രാകൃത മനുഷ്യൻ എന്നു് പറഞ്ഞുകൂടാ. പ്രാകൃതമനുഷ്യൻ എത്ര നല്ല സന്മാർഗ്ഗജീവിതം ചെയ്യുന്നവനാണെങ്കിലും ദൈവത്തിന്റെ നോട്ടത്തിൽ അവൻ ജീവനുള്ളവനല്ല. മരിച്ചവനാകുന്നു. 1യോഹ. 5:12.

പ്രാകൃതമനുഷ്യൻ ദൈവത്തെ അറിയുന്നില്ല. ഗലാ. 4: 8. അവനു് ദൈവത്തോടു് നന്ദിയില്ല. റോമ. 1: 21. അവൻ ദൈവത്തെ അന്വേഷിക്കുന്നില്ല. റോമ. 3: 11. അവൻ ദൈവത്തെ സ്നേഹിക്കുന്നില്ല. 1 യോഹ. 4: 10. അവനു് ദൈവത്തിൽ വിശ്വാസമില്ല. യോഹ. 3: 18. അവനു് ദൈവഭയമില്ല. റോമ. 3: 18. അവൻ ദൈവത്തെ ആരാധിക്കുന്നില്ല. റോമ. 1: 21, 25. അവൻ സത്യത്തോടു് മറുത്തുനിൽക്കുന്നു. 2 തിമൊ. 3: 8. അവൻ ദൈവത്തിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. 1 കൊരി. 2: 14, അവൻ ദൈവത്തിന്റെ സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്നു. 2 തെസ്സ. 2: 11. അവൻ ദൈവത്തിന്റെ സുവിശേഷം അനുസരിക്കുന്നില്ല. 2 തെസ്സ. 1: 7. അവൻ ദൈവത്തിന്റെ ശത്രു ആകുന്നു. റോമ. 5: 10. അവൻ ദൈവത്തിൽനിന്നു് ദൂരെ നിൽക്കുന്നു, എഫേ. 2: 17. അവൻ ദൈവസന്നിധിയിൽ ശിക്ഷായോഗ്യനാണു്. റോമ. 3: 19. അവൻ ദൈവത്താൽ ന്യായം വിധിക്കപ്പെടുന്നു. യോഹ. 3: 18. അവന്റെമേൽ ദൈവക്രോധം വസിക്കുന്നു. യോഹ. 3:36. അവൻ ദൈവത്തിന്റെ ജീവനിൽനിന്നു് അകന്നുപോയവനാകുന്നു. എഫേ. 4: 18. അവൻ ലോകത്തിൽ ദൈവം ഇല്ലാത്തവനാകുന്നു. എഫേ. 2: 12. വരുവാനുള്ള ജീവിതത്തിൽ അവൻ ദൈവത്തിൽനിന്നു് വിട്ടകന്നവനായിരിക്കും. 2 തെസ്സ. 1: 10.

Marthoma E-library

പ്രാകൃത മനുഷ്യൻ യേശുക്രിസ്തുവിനെ രക്ഷിതാവായി തൻെറ ജീവിതത്തിൽ ഒരിക്കലെങ്കിലും കൈക്കൊള്ളാത്തവനാകുന്നു. അവൻ ജീവിക്കുന്നതു് അവനുവേണ്ടി മാത്രമാണു്. അവൻെറ ജീവൻെറ കേന്ദ്രത്തിൽ പഴയ മനുഷ്യനാകുന്ന സ്വാർത്ഥം വസിക്കുന്നു. അവനെ ഭരണംചെയ്യുന്നതു് സ്വാർത്ഥമാകുന്ന ഒന്നാമത്തെ ആദാംതന്നെയാണു്. അവൻെറ വിചാരങ്ങളും വികാരങ്ങളും സ്വാർത്ഥത്തിൽ നിന്നു ഉണ്ടാകുന്നതായിരിക്കും. അവൻെറ സംസാരങ്ങളും പ്രവൃത്തികളും നിയന്ത്രിക്കുന്നതു് സ്വാർത്ഥമാണു്. അവൻെറ സ്വഭാവവും തീരുമാനങ്ങളും സ്വാർത്ഥം കലർന്നതുതന്നെയായിരിക്കും. അവൻ ദൈവത്തിൻെറ ദൃഷ്ടിയിൽ മരിച്ചവനാണു്. സ്വാർത്ഥത്തിൻെറ ദൃഷ്ടിയിൽ അവൻ ജീവിച്ചിരിക്കുന്നവനത്രെ. പാപസംബന്ധമായി അവൻ ജീവിച്ചിരിക്കുന്നവനാകുന്നു. സാത്താനു അവൻ ജീവനുള്ളവൻതന്നെ. അവൻ നശിച്ച മനുഷ്യനാണു്. നിസ്സഹായനും പ്രത്യാശയില്ലാത്തവനും ആകുന്നു.

ഏററവും പരിതാപകരമായിരിക്കുന്നതു് ഈ ലോകത്തിൻെറ ദൈവമാകുന്ന സാത്താൻ അവൻെറ കണ്ണു കുരുടാക്കിക്കളഞ്ഞിരിക്കുന്നതിനാൽ അവൻെറ നാശാവസ്ഥയുടെ ഗൗരവം അവനു മനസ്സിലാക്കുവാൻ കഴിയുന്നില്ല എന്നുള്ളതാണു്. അതുകൊണ്ടു് ദൈവത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും സ്വീകരിക്കുന്നതിനും അന്വേഷിക്കുന്നതിനും അവനിൽതന്നെ ശക്തിയില്ല. ഇതാണു് പ്രാകൃതമനുഷ്യൻെറ സ്ഥിതി.

ഇപ്പോൾ നാം ഒരു ഗ്രൂപ്പിൽ ഉള്ള ചിത്രങ്ങൾ കണ്ടു. നമ്മിൽ ആരെല്ലാം ഈ ഗ്രൂപ്പിൽ ഉൾപ്പെട്ടിട്ടുണ്ടു്. പ്രാകൃത രംഗം മരണത്തിൻെറ രംഗമത്രെ.

ഇനി രണ്ടാമത്തെ രംഗത്തിലേക്കു് പ്രവേശിക്കാം. അതിനു് ജഡീകരംഗം എന്നു് പറയുന്നു. അവിടെ കാണുന്നതു് ജഡീക ക്രിസ്ത്യാനികളെയാണു്. 1 കൊരി 3: 1—4.

'എന്നാൽ സഹോദരന്മാരെ നിങ്ങളോടു് എനിക്കു് ആത്മീയന്മാരോടു് എന്നപോലെ അല്ലാ ജഡീകന്മാരോടു് എന്നപോലെ, യേശുക്രിസ്തുവിൽ ശിശുക്കളായവരോടു് എന്നപോലെയത്രേ സംസാരിപ്പാൻ കഴിഞ്ഞുള്ള. ഭക്ഷണമല്ല പാൽ അത്രെ ഞാൻ നിങ്ങൾക്കു തന്നതു്. ഭക്ഷിപ്പാൻ നിങ്ങൾക്കു് കഴിവില്ലായിരുന്നു. ഇപ്പോഴും കഴിവായിട്ടില്ല; ഇന്നും നിങ്ങൾ ജഡീകന്മാരല്ലോ—നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ, നിങ്ങൾ ജഡീകന്മാരും ശേഷം മനുഷ്യരെപ്പോലെ നടന്നുകൊള്ളുന്നവരുമല്ലയോ? ഒരുത്തൻ ഞാൻ പൗലൊസിൻെറ പക്ഷക്കാരൻ എന്നും മറെറാരുത്തൻ: ഞാൻ അപ്പല്ലോസിൻെറ പക്ഷക്കാരൻ എന്നും പറയുമ്പോൾ നിങ്ങൾ സാധാരണ മനുഷ്യരല്ലയോ?

ജഡീക ക്രിസ്ത്യാനി ദൈവവുമായിട്ടുള്ള ബന്ധം ഒരിക്കൽ ശരിയായി ആരംഭിച്ചവനാണു്. യേശുക്രിസ്തുവിനെ രക്ഷിതാവായി അവൻ വിശ്വാസത്താൽ ഒരിക്കലെങ്കിലും സ്വീകരിച്ചിട്ടുള്ളവനാണു്. അവൻ ദൈവത്തിൻെറ മകനായി ഒരിക്കൽ പ്രവേശിച്ചവനാണു്. എന്നാൽ ദൈവസന്താനങ്ങൾക്കുള്ള അവകാശങ്ങളെ അവൻ അനുഭവിച്ചിട്ടില്ല. ദൈവത്തിൻെറ കുടുംബാംഗമെന്ന നിലയിൽ അവനിൽ കാണേണ്ടതായ നടപടികൾ അവനിൽ ഉണ്ടായിട്ടില്ല. പരിശുദ്ധാത്മാവിനെ അവൻ സ്വീകരിച്ചവനാണെങ്കിലും പരിശുദ്ധാത്മാവു് അവനിൽ ദുഃഖത്തോടെ വസിക്കുന്നു. പരിശുദ്ധാത്മാവിനു് ജ്വലിച്ചു് പ്രകാശിക്കുവാൻ സാധിക്കാത്തതിനാൽ കെട്ടുപോയ വിളക്കുപോലെ പരിശുദ്ധാത്മാവു് അവനിൽ ഇരിക്കുന്നു. പരിശുദ്ധാത്മാവിനു് ജഡീക ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ശരിയായ അധികാരം ലഭിച്ചിട്ടില്ല. ജഡീകക്രിസ്ത്യാനി ഒരിക്കൽ പുതുജനനം പ്രാപിച്ചവനാണു്. എന്നാലും അവൻ ഇപ്പോഴും ശിശുവായിതന്നെ ഇരിക്കുന്നു. വളർച്ചയില്ലാത്ത ശിശുവാണു്. ദൈവത്തിൻെറ മേശയിൽ അവൻ ഭക്ഷിപ്പാനിരുന്നാലും ഘനമേറിയ ഭക്ഷണത്തിനുള്ള വി

Marthoman E Library

ശപ്പോ രുചിയോ അവനില്ല. അവനു് ഘനമേറിയ ദൈവത്തിന്റെ ഭക്ഷണം കഴിപ്പാൻ പ്രാപ്തിയില്ല. പാൽ മാത്രമെ അവനു് കഴിപ്പാൻ കഴിവുള്ളു. വിശ്വാസത്താൽ അവൻ ഒരിക്കൽ ക്രിസ്തുവിനോടു് ബന്ധിക്കപ്പെട്ടവനാണു്. എന്നാൽ ഇപ്പോൾ ക്രിസ്തുവിനേക്കാൾ കൂടുതൽ ലോകത്തേയും അതിന്റെ മോഹങ്ങളെയും താല്പര്യപ്പെടുന്നതുകൊണ്ടു് അവൻ ദൈവത്തിന്റെ ശത്രുവായി തീർന്നിരിക്കുന്നു. യാക്കോ. 4: 4.

ജഡീക ക്രിസ്ത്യാനി ഒരിക്കൽ ക്രിസ്തുവിനെ കൈക്കൊണ്ടിട്ടുള്ളവനാണെങ്കിലും ജീവിതത്തെ ക്രിസ്തുവിനു് സമർപ്പിച്ചുകൊടുത്തിട്ടില്ല. ക്രിസ്തുവിനെ കർത്താവായിട്ടും ജീവനായിട്ടും അറിഞ്ഞിട്ടില്ല. അവനു് ചിലപ്പോൾ ക്രിസ്തുവിന്റെ ആവശ്യം ബോദ്ധ്യമാകുന്നുണ്ടു്. ചിലപ്പോൾ ക്രിസ്തുവുമായിട്ടുള്ള ഒരു ബന്ധം ആഗ്രഹിക്കുന്നുമുണ്ടു്. എന്നാൽ ക്രിസ്തുവിൽ അവനു് ഒരു സംതൃപ്തി വന്നിട്ടില്ല. ക്രിസ്തുവിനു് അവന്റെ ഹൃദയത്തിൽ ഒരു സ്ഥാനമുണ്ടു്. എന്നാൽ സർവ്വപ്രധാനമായ സ്ഥാനം ഉണ്ടായിട്ടില്ല.

ജഡീക മനുഷ്യൻ അവന്റെ ജീവിതം കുറെ ദൈവത്തിനായും കുറെ അവനുവേണ്ടിത്തന്നെയും കഴിച്ചുകൂട്ടുന്നവനാണു്. യേശുക്രിസ്തു അവന്റെ ജീവിതത്തിന്റെ കേന്ദ്രത്തിൽ ഉണ്ടെങ്കിലും അവന്റെ ഹൃദയസിംഹാസനത്തിൽ സാധാരണ ഭരണം നടത്തുന്നതു് പഴയ മനുഷ്യനായ സ്വാർത്ഥംതന്നെയാണു്. അവന്റെ ജീവിതത്തെ ഇങ്ങനെ രണ്ടു യജമാനന്മാർക്കു് വിട്ടുകൊടുത്തിരിക്കയാണു്. ചിലപ്പോൾ അവന്റെ തീരുമാനങ്ങൾ ക്രിസ്തു ഭരിക്കുന്നുണ്ടു്. എന്നാൽ പലപ്പോഴും അവ സ്വാർത്ഥത്തിന്റെ കീഴിലായിത്തീരുന്നു. അവനിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ടു്. ദൈവീകവും ജഡീകവുമായ ഓരോ സ്വഭാവത്തിനു് അവൻ മാറിമാറി കീഴ്പ്പെട്ടുകൊണ്ടിരിക്കും. ചിലപ്പോൾ അവൻ ദൈവത്തിനു് ജീവിക്കുന്നവനാകുന്നു. ചിലപ്പോൾ അവൻ പാപത്തിനു ജീവിക്കുന്നവനുമാകുന്നു. അവൻ സ്വർഗ്ഗീയവും ഭൗമികവുമായ രംഗങ്ങളിൽ മാറാമാറി ജീവിക്കുന്നവനാകുന്നു. രണ്ടിലും അവൻ തോൽക്കുന്നു.

[2—ാം പേജിൽനിന്നും]

ക്ഷ്യം. മങ്ങിമങ്ങിക്കൊണ്ടിരിക്കുന്ന ക്രിസ്തീയ ജീവിതത്തിന്റെ പുനരുദ്ധാരണമാണു് നമ്മുടെ ബലഹീനകരങ്ങളിൽ ഏല്പിക്കപ്പെട്ടിരിക്കുന്നതു്. വിജ്ഞാനസമ്പാദനത്തോടൊപ്പമോ, അതിലധികമായോ 'വിശുദ്ധിക്കു്' സ്ഥാനം കൊടുക്കുന്ന ഒരന്തരീക്ഷം നമ്മുടെ സ്ഥാപനങ്ങളിൽ ഉണ്ടാകുവാൻ ആവശ്യമായതു ചെയ്യേ മതിയാകൂ. ക്ലാസാരംഭത്തിനു മുമ്പും ക്ലാസിനുശേഷവും അദ്ധ്യാപകർ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചു ചിന്തിച്ചാൽ പല മാർഗ്ഗങ്ങളും കണ്ടെത്താവുന്നതാണു്. ക്രിസ്തുവിനെക്കുറിച്ചു പഠിപ്പിക്കുന്നതോടൊപ്പം ക്രിസ്തുവിലാകുവാനും, സഭയെക്കുറിച്ചു പഠിപ്പിക്കുന്നതോടൊപ്പം സഭയിൽ ജീവിക്കാനും ഉള്ള പ്രചോദനം നമ്മുടെ വിദ്യാർത്ഥികൾക്കു കൊടുക്കാം. * * * *

വർഷാരംഭ ഫാറങ്ങൾ ഈ ലക്കത്തോടൊപ്പം അയയ്ക്കുന്നു. സ: സ്കൂളുകൾ യഥാകാലം ഇൻസ്പെക്ടർമാർക്കും, അവരിൽ ചിലർ യഥാകാലം ഡയറക്ടർമാർക്കും അയയ്ക്കാതിരിക്കുന്നതുമൂലം 'സ്ഥിതിവിവരക്കണക്കു്' റിപ്പോർട്ടിൽ ചേർക്കാൻ സാധിക്കാതെവരുന്നു. ശ്രദ്ധിക്കണേ. * * * * *

10—ാം ക്ലാസ്സ് മത്സരപ്പരീക്ഷാ മാർക്കുലിസ്റ്റുകൾ ഇതോടൊപ്പം അയച്ചുകൊള്ളുന്നു.

* * * * * *

അഖിലമലങ്കര വിജയികളുടെ ലിസ്റ്റു് അന്യത്ര ചേർത്തിട്ടുണ്ടു്. * * *

മാസികയുടെ വരിസംഖ്യയായ വെറും ഒന്നര രൂപാ എത്രയുംവേഗം സ്കൂളുകൾ നേരിട്ടോ, ഇൻസ്പെക്ടർ വഴിയായോ ഉടനെ അയച്ചുതരണമെന്നു നിർബന്ധമായി അപേക്ഷിക്കുന്നു. * * * * *

പാഠപുസ്തകങ്ങൾ സംബന്ധമായ നിർദ്ദേശങ്ങൾ ഉള്ളവർ ഒരു മാസത്തിനകം അയച്ചുതരേണ്ടതാകുന്നു.

ഡയറക്ടർ ജനറൽ
കണിയാമ്പറമ്പിൽ
കുര്യൻ കോർഎപ്പിസ്കോപ്പാ,

Marthoman E Library

മതബോധനവും മനഃശാസ്ത്രവും

[M. John Jacob]

മതബോധനത്തിൽ വിദ്യാർത്ഥിയെ രണ്ടാമത്തെ ഘടകമായി പറഞ്ഞിരിക്കുന്നെങ്കിലും വിദ്യാർത്ഥിയെ സംബന്ധിച്ച വേണ്ട ജ്ഞാനത്തിന്റെ പ്രാധാന്യം ഏതാണ്ട നാം കണ്ടു കഴിഞ്ഞു. മനുഷ്യനു് അവന്റെ ശക്തികളെപ്പററിയുള്ള പൂർണ്ണജ്ഞാനം അവന്റെ വളർച്ചയ്ക്കു് ആവശ്യമാണല്ലോ. അതിനാൽ അവയെക്കുറിച്ചു് അല്പം ചിന്തിക്കാം:—

ഒരുവനു് ശരീരം, മനസ്സു്, ആത്മാവു് എന്നു പരസ്പര സ്വാധീനത്തോടും ബന്ധത്തോടും കൂടിയതും എന്നാൽ സ്വതന്ത്രവുമായ മൂന്നു ഘടകങ്ങൾ ഉള്ളതായി ഗണിക്കാം. ആത്മാവും മനസ്സും അദൃശ്യമാകയാൽ അവയുടെ യഥാർത്ഥ സ്ഥാനം മാംസചക്ഷുസ്സുകൾക്കു് അഗോചരമത്രെ. എങ്കിലും ഈ മൂന്നു ഘടകങ്ങളും പരസ്പരബന്ധത്തോടുകൂടി ക്രമാനുഗതമായി വളരേണ്ടതാണു്. പരസ്പരബന്ധം ഉള്ളതുകൊണ്ടു് വളർച്ചയിലും ഐകരൂപ്യം ഉണ്ടായിരിക്കണം. എന്നാൽ, ആത്മാവിനെയും മനസ്സിനെയുംപററി സാമാന്യജനത്തിനുള്ള പരിജ്ഞാനം പരിമിതമാണു്. അതിനാൽ അവരിൽ അവയുടെ വളർച്ചയും ശുഷ്ക്കമാണെന്നു വന്നുകൂടുന്നു. ശരീരം മനസ്സിനെ ബലപ്പെടുത്തുകയും മനസ്സു ശരീരത്തിനു കൂടുതൽ സൗഭാഗ്യജീവിതസാദ്ധ്യതകൾ നൽകുകയും ചെയ്യുന്നതുപോലെ ആത്മാവു മനസ്സിനു പ്രചോദനം നൽകുകയും സംപുഷ്ടമായ മനസ്സു് ആത്മവളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. സന്മാർഗ്ഗനിഷ്ഠ ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ഫലമാകുന്നു. ഇതിൽനിന്നും മനോവ്യാപാരങ്ങളുടെ പോഷണം ആത്മശരീരങ്ങളുടെ അഭിവൃദ്ധിക്കു നിദാനമാണെന്നു മനസ്സിലാക്കാം. അതിനാൽ മനഃശാസ്ത്രത്തെപ്പററി സൂക്ഷ്മ പരിജ്ഞാനം സമ്പാദിക്കുകയും ശിശുക്കളുടെ ചിന്താഗതിയിൽ തല്പരനായിരിക്കയും ഇതുസംബന്ധമായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള സാമാന്യതത്വങ്ങൾ സ്വാനുഭവംകൊണ്ടു പരിശോധിക്കയും തൻഫലമായി ഓരോ കുട്ടിയുടെയും പ്രത്യേകതകളെ നിരീക്ഷിക്കുകയും ചെയ്യേണ്ടതു് ഒരു മാതൃകാദ്ധ്യാപകന്റെ ധർമ്മമാണു്. തലച്ചോറിന്റെ പ്രത്യക്ഷതയാണു മനസ്സു്. തലച്ചോറാണു മനസ്സാകുന്ന യന്ത്രത്തിന്റെ നിർമ്മാണശാലയെന്നു പറയാം. തലച്ചോറിന്റെ വ്യാപാരത്തിന്നാവശ്യമായ ആശയങ്ങൾ(ധാരണകൾ)ഉള്ളിലേയ്ക്കു പ്രവേശിപ്പിക്കുന്ന വാതിലുകളാണു പഞ്ചേന്ദ്രിയങ്ങൾ. പ്രകൃതിയിൽനിന്നു് ഈ വാതിലുകളിലെത്തുന്ന കാര്യങ്ങളെ പ്രവർത്തനകേന്ദ്രമാകുന്ന തലച്ചോറിലേയ്ക്കു വഹിച്ചുകൊണ്ടുപോകുന്നതിനു് ഒരുകൂട്ടം സിരകളുണ്ടു്. അവയ്ക്കനുസരണമായി മാംസപേശികൾ മുഖാന്തിരം പ്രവർത്തിക്കുന്നതിനു തലച്ചോറിൽനിന്നു മാംസപേശികളിൽ എത്തുന്ന മറെറാരുകൂട്ടം സിരകളും ഉണ്ടു്. ശരീരത്തെപ്പോലെ മനസ്സിലെ ഓരോ ഭാഗവും ജീവിക്കയും പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു. ആദ്യത്തെ സിരകൾ മനസ്സിനെ പോഷിപ്പിക്കുന്നതും രണ്ടാമത്തേക്കൂട്ടം ശരീരത്തിനു പ്രവർത്തനശക്തി നൽകുന്നവയുമാണു്. ഒരു ബാഹ്യവസ്തു ഇന്ദ്രിയങ്ങൾക്കു വിഷയീഭവിക്കയും ആ സംഭവം ബോധവാഹികളായ ഞരമ്പുകൾ (സിരകൾ വഴി) മസ്തിഷ്ക്കത്തിലെത്തിച്ചേരുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന മാനസീകാവസ്ഥയ്ക്കു് ഇന്ദ്രിയവേദനം (Sensation) എന്നു പറയുന്നു.

ഒരു കുട്ടി ആദ്യമായി ഒരു പഴുത്തമാങ്ങാ കാണുന്നു എന്നിരിക്കട്ടെ. അവന്റെ നയനങ്ങളിൽകൂടി ഇന്ദ്രിയവേദനം വഴിയായി മാങ്ങായുടെ രൂപം, നിറം, വലുപ്പം എന്നിവയെ സംബന്ധിച്ചും അതു വീണതുകേട്ട ശബ്ദം വഴിയായും സ്പർശനം വഴിയായും ഘ്രാണം, രുചി എന്നിവ വഴിയായും ഉള്ള ഇന്ദ്രിയ

വേദനങ്ങൾ മുഖാന്തിരം മാങ്ങായെ സംബന്ധിച്ച മറ്റു കാര്യങ്ങളും അവന്റെ മനസ്സിലെത്തുന്നു. പ്രസ്തുത ഇന്ദ്രിയവേദനങ്ങൾക്കു കാരണമായ ആ മാങ്ങായോടു് അവന്റെ മനസ്സിനുണ്ടായിട്ടുള്ള വ്യാപാരങ്ങളെ അവൻ ബന്ധിപ്പിക്കുന്നു. ഇതിനു് ഇന്ദ്രിയാനുഭൂതി എന്നു നാമകരണം ചെയ്യാം. പല ഇന്ദ്രിയവേദനങ്ങൾ വഴിയായി ഇന്ദ്രിയാനുഭൂതി ഉണ്ടാകുന്നു എന്നും ഇന്ദ്രിയങ്ങൾ അഞ്ചും അതിൽ പ്രവർത്തിക്കുന്നു എങ്കിൽ ആ ഇന്ദ്രിയാനുഭൂതി കൂടുതൽ സമ്പൂർണ്ണമാകുന്നു എന്നും ഇതിൽനിന്നു വ്യക്തമാകുന്നു. ഇന്ദ്രിയാനുഭൂതി അഥവാ ഗ്രഹണശക്തി എന്നതു് ഇന്ദ്രിയങ്ങൾ വഴിയായി ബാഹ്യലോകജ്ഞാനം സമ്പാദിക്കുന്നതിനുള്ള മനസ്സിന്റെ വ്യാപാരംതന്നെയാണു്. അതിനാൽ ബുദ്ധി വികസനത്തിന്റെ പ്രാരംഭഘട്ടമാണു് ഇന്ദ്രിയാനുഭൂതി—ഇന്ദ്രിയജ്ഞാനം- (Perception) ഒരാൾ ഉറങ്ങുമ്പോൾ കതകിൽ ആരോ മുട്ടി ശബ്ദമുണ്ടാക്കുന്നു എന്നിരിക്കട്ടെ. അപ്പോൾ ബോധം സജീവമല്ലാത്തതുകൊണ്ടു് ആദ്യം അവൻ അതു കേൾക്കുന്നില്ല. ശബ്ദം ആവർത്തിക്കപ്പെടുമ്പോൾ ഉറങ്ങുന്നവൻ എന്തോ ഒരു ശബ്ദം കേൾക്കുന്നു. അതു് ഇന്ദ്രിയവേദനം (Sensation) ആണു്. അവൻ വീണ്ടും ശ്രദ്ധിക്കുന്നു. ആ ശബ്ദത്തെ മുമ്പു് അവൻ കേട്ടിട്ടുള്ള ശബ്ദങ്ങളോടു ബന്ധിപ്പിച്ചു ചിന്തിക്കുന്നു. കതകിൽ മുട്ടുന്ന ശബ്ദത്തെപ്പറ്റി അവനുള്ള ധാരണയുമായി ഈ ശബ്ദത്തെ ഏകീഭവിപ്പിക്കുന്നു. അങ്ങനെ അതു കതകിൽ മുട്ടുന്ന ശബ്ദമാണെന്നുള്ള നിഗമനത്തിൽ അവൻ എത്തിച്ചേരുന്നു. ഇതാണു് ഇന്ദ്രിയാനുഭൂതി (Perception).

മാനസികവളർച്ചയുടെ അടുത്ത ഘട്ടത്തിലേയ്ക്കു നമുക്കു കടക്കാം. മുൻപറഞ്ഞ കുട്ടി ആദ്യമായി കണ്ടതു പഴുത്ത മാങ്ങായാണല്ലോ. പിന്നീടു് അവൻ പച്ചമാങ്ങാ കാണുമ്പോൾ അതിനു് മധുരമില്ലെന്നും പുളി കൂടുതലാണെന്നും പച്ച നിറമാണെന്നും മനസ്സിലാക്കുകയും കണ്ണിമാങ്ങാ കാണുമ്പോൾ അതിനു വലിപ്പം കുറവാണെന്നും കവർപ്പുചുവയാണെന്നും മറ്റും മനസ്സിലാക്കുകയും ചെയ്യുന്നു. പിന്നിടു പല ആകൃതിയിലും വലിപ്പത്തിലും രുചിയിലും ഉള്ള മാങ്ങാ കാണുമ്പോൾ മാങ്ങായെപ്പറ്റിയുള്ള അവന്റെ ആശയങ്ങൾ വിപുലമാകുകയും അതേ സമയം തന്നെ മാങ്ങാ എന്നുള്ള പദശ്രവണത്തിൽ വലിപ്പം, നിറം, രുചി ഇവയെ സംബന്ധിച്ചു് അവ്യക്തമായ ഒരു രൂപം മാത്രം ഉണ്ടാവുകയും അതു സാധനസൂചകമല്ലാത്തതും എന്നാൽ ചില ഗുണവിശേഷങ്ങളെ മാത്രം ദ്യോതിപ്പിക്കുന്നതുമായ ഒരു സ്മരണയായി മാത്രം പരിണമിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഗുണാത്മകങ്ങളാകുന്ന മനഃഛായകൾക്കു് ആശയം (Concept) എന്നു പറയുന്നു. ഒരു ആശയരൂപീകരണത്തിനു് അനേകം ഇന്ദ്രിയാനുഭൂതികൾ ആവശ്യമെങ്കിലും ഇന്ദ്രിയവേദനം കൊണ്ടു മറ്റു രണ്ടിനേയും ഉണർത്തുവാൻ കഴിയും. ഉദാഹരണമായി മാങ്ങാ എന്നുള്ള ശബ്ദശ്രവണമാത്രയിൽ അതിനെപ്പറ്റി ഗ്രഹിച്ചിട്ടുള്ള കാര്യങ്ങളെല്ലാം സ്മൃതിപഥത്തിലെത്തുന്നതാണു്.

Marthoman E Library

ഇന്ദ്രിയവേദനങ്ങളുടെ സംയോജനത്താൽ ഇന്ദ്രിയാനുഭൂതിയും, അനുഭൂതികളുടെ സങ്കലനത്താൽ മനഃഛായകളും ഇവ മൂന്നും കൂടിച്ചേർന്നു് ആശയവും രൂപീകരിക്കപ്പെടുന്നു. ശൈശവകാലത്തു പഞ്ചേന്ദ്രിയദ്വാരാ ലഭിക്കുന്ന ഇന്ദ്രിയവേദനങ്ങളുടെ സമുച്ചയമാണു് ഒരുവന്റെ സ്വഭാവമായി പിന്നീടു് പരിണമിക്കുന്നതു്. അതിനാൽ ആത്മീയമായ ഇന്ദ്രിയവേദനങ്ങൾകൊണ്ടു് ഒരു ശിശുവിന്റെ പഞ്ചേന്ദ്രിയങ്ങളെ അവന്റെ ബാല്യകാലത്തിൽതന്നെ നിറയ്ക്കുവാൻ നമുക്കു സാധിക്കുന്നെങ്കിൽ ആ ശിശുവിന്റെ ആത്മീയവളർച്ച സുസ്ഥാപിതമാകയും തന്മൂലം ഏതു പരിതഃസ്ഥിതിയിലും ആത്മീയജീവിതം വിജകരമാക്കുന്നതിനു് അവൻ പ്രാപ്തനാകയും ചെയ്യും.

ഇന്ദ്രിയാനുഭൂതികളിൽനിന്നു മനഃഛായ ഉണ്ടാകുന്നതു് എങ്ങനെയെന്നു് നാം കണ്ടു കഴിഞ്ഞു. ഒരു പുതിയ ആശയം ലഭിച്ചുകഴിഞ്ഞാൽ അതിനെ അതിനു മുമ്പു ലഭിച്ചിട്ടുള്ള വിവിധ ആശയ വകുപ്പുകളിൽ ഏതെങ്കിലും ഒന്നിനോടു സംഘടിപ്പിച്ചാൽ മാത്രമേ ഓർമ്മയിൽ വരത്തക്കവണ്ണം അതു മനസ്സിൽ സ്ഥാനം പിടിക്കയുള്ളൂ. ഇതിനു് ഇന്ദ്രിയവേദനാസാന്നിദ്ധ്യം ആവശ്യമില്ലെന്നു് സ്പഷ്ടമാണു്. മനസ്സിന്റെ ഈ പ്രവൃത്തിക്കു ദൃഢാനുഭൂതി-അനുപ്രേക്ഷണം-സംപ്രേക്ഷണം (Apperception) എന്നു പറയുന്നു. ഇങ്ങനെ സംഭരിക്കപ്പെട്ടിട്ടുള്ള ആശയങ്ങൾക്കു പ്രേക്ഷണപിണ്ഡം എന്നു പറയാം. (Apperception mass). ഇവിടെ ഒരുകാര്യം സ്പഷ്ടമാകുന്നുണ്ടു്. ഒരു പുതിയ ഇന്ദ്രിയാനുഭൂതി ശിശുവിനു ലഭിക്കുന്നുവെങ്കിൽ അതിനു മനസ്സിൽ സ്ഥാനം പിടിക്കുവാൻ അത്ര എളുപ്പമല്ല. അതുകൊണ്ടു് പുതിയ ആശയങ്ങൾ മനസ്സിലാകണമെങ്കിൽ—സംപ്രേക്ഷണപിണ്ഡത്തിൽ ലയിച്ചു പ്രവർത്തിക്കണമെങ്കിൽ—അതിനെ മുന്നറിവിനോടു ഘടിപ്പിക്കേണ്ടതാണു്. നാം പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന വിഭാഗത്തെ (പ്രത്യേകമായി ആത്മീയകാര്യങ്ങളെ) സംബന്ധിച്ചു കുട്ടികൾക്കു യാതൊരു മുന്നറിവുമില്ലെങ്കിൽ നാം അതു പൂർണ്ണമായും നൽകണം. സംപ്രേക്ഷണം കൊണ്ടു പുതിയ ആശയങ്ങൾ പഴയ ആശയങ്ങളുടെ വെളിച്ചത്തിൽ അവയുമായി സമ്മേളിക്കുന്നതിനു പററിയ രീതിയിൽ രൂപാന്തരം പ്രാപിക്കയും അങ്ങനെ അതു ഹൃദിസ്ഥമാകുകയും ചെയ്യുന്നു. ഒരേ ആശയംതന്നെ വിവിധ സംപ്രേക്ഷണപിണ്ഡങ്ങളുള്ള കുട്ടികളുടെ മനസ്സിൽ ഗ്രഹിക്കപ്പെടുന്നതു പല വിധത്തിലായിരിക്കുമെന്നു് ഇതു വെളിവാകുന്നുണ്ടു്.

സംപ്രേക്ഷണപിണ്ഡനിർമ്മാണത്തെക്കുറിച്ചുള്ള ഈ അറിവു് താഴെ പറയുന്ന കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണു്:—

(1) പഠിപ്പിക്കുവാൻ പോകുന്ന വിഷയത്തെക്കുറിച്ചു കുട്ടികൾക്കുള്ള മുന്നറിവു് എത്രമാത്രമെന്നും അതു് ഏതു വിധത്തിലാണെന്നും സൂക്ഷ്മമായി പരിശോധിക്കുക.

(2) അതിനോടു സാമ്യം വഹിക്കത്തക്ക രീതിയിൽ പുതിയ ആശയത്തെ ക്രമീകരിക്കുക.

(3) മുന്നറിവിൽ സുഗ്രാഹ്യമല്ലാതെ ചിതറിക്കിടക്കുന്ന ഇന്ദ്രിയവേദനങ്ങളെ ക്രമീകരിച്ചു് ഇന്ദ്രിയാനുഭൂതികളാക്കിത്തീർത്തു് പുതിയ അറിവുമായി സംയോജിപ്പിച്ചു പാഠം പ്രദർശിപ്പിക്കുക.

(4) സംപ്രേക്ഷണം ആശയക്രമീകരണവും ഗ്രഹണവുമാകയാൽ അതിനാവശ്യമായ സമയം നൽകേണ്ടതാണു്. അതായതു് ആശയങ്ങളുടെ ഗുരുലഘുത്വമനുസരിച്ചു പഠിപ്പിക്കുന്നതിന്റെ വേഗത ക്രമീകരിക്കേണ്ടതാണു്.

(5) അഭ്യസനത്തിൽ ചിത്രങ്ങളും മററും കാണിച്ചു് ഇന്ദ്രിയാനുഭൂതികളെ ബലപ്പെടുത്തണം. സംപ്രേക്ഷണം തികച്ചും വിദ്യാർത്ഥികളുടെ കൃത്യമാകയാൽ അതിനുള്ള സന്നദ്ധതയും ഉദ്ദേശശക്തിയും അവരിൽ അങ്കുരിപ്പിക്കത്തക്കവണ്ണവും പാഠത്തിൽ അവർക്കു രസം നിലനിൽക്കത്തക്ക രീതിയിലും പഠിപ്പിക്കണം.

(6) പുതിയ ആശയത്തെ ഗ്രഹിക്കുന്നതിനും പുറമേ തത്തുല്യമായ ആശയങ്ങളെ ക്രമീകരിക്കുന്നതിനും സംപ്രേക്ഷണ കൃത്യമാകയാൽ അതിനു സഹായകമാംവിധം പാഠാവസാനത്തിൽ അദ്ധ്യാപകൻ ആവർത്തനം നടത്തേണ്ടതാണു്.

പ്രതിച്ഛായ

സ്വാനുഭവങ്ങളെ മനസ്സിൽ സംഭരിക്കുന്നതു പ്രതിച്ഛായ മുഖാന്തിരമത്രെ. പ്രേക്ഷണങ്ങൾക്കു് ഒരു ബാഹ്യപ്രേരണ ആവശ്യമാണു്. ഒരു പ്രേക്ഷണം മനസ്സിൽ പ്രവേശിച്ചു് പല പരിവർത്തനങ്ങൾക്കുശേഷം ഇച്ഛാശക്തിക്കു വിധേയമായി സ്ഥാനം പിടിക്കുമ്പോൾ അതൊരു പ്രതിച്ഛായ ആകുന്നു. പ്ര

തിച്ഛായയ്ക്കു ബാഹ്യപ്രേരണ ആവശ്യമില്ലെന്നും ഇച്ഛാശക്തികൊണ്ടു അവയെ പുനരുല്പാദിപ്പിക്കാമെന്നും അത്രേ ഇതിന്റെ സാരം.

സ്മരണ

മനശാസ്ത്രത്തിൽ, വിദ്യാഭ്യാസസഹായമായി സ്മരണയ്ക്കുള്ള സ്ഥാനം അദ്വിതീയമാണു്. മനസ്സിന്റെ പ്രയത്നംകൊണ്ടു് ആശയങ്ങൾ ഗ്രഹിക്കുകയും അവയെ സൂക്ഷിക്കയും പുനരുല്പാദിപ്പിക്കയും ചെയ്യുന്നതിനാണു സ്മരണ എന്നു പറയുന്നതു്. ശരിയായ സ്മരണ സിരകളുടെ ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു. ആരോഗ്യഹീനനായ ഒരുവനു് ഓർമ്മശക്തി കുറഞ്ഞിരിക്കും. ആശയത്തെ സംരക്ഷിക്കുന്നതിനു് അവനുള്ള ശക്തിയല്ല അവയെ ക്രമീകരിച്ചു സംഘടിതമാക്കുന്ന വിധമാണു് അവന്റെ സ്മരണയെ ബലപ്പെടുത്തുന്നതു്. അത്യദ്ധ്വാനം, അമിതഭോജനം ആദിയായവ സ്മരണയ്ക്കു വിഘാതവും, ഉറക്കവും, വിശ്രമവും സഹായകവുമാണു്. പ്രഥമധാരണകളെ ഉറപ്പിക്കുക, ആവശ്യമായ ആവർത്തനം കൊണ്ടു് അവയെ ബലപ്പെടുത്തുക ഇവയും സ്മരണയ്ക്കു് അത്യന്താപേക്ഷിതമാണു്. പഠനസമയത്തു് കഴിവുള്ളടത്തോളം, പഞ്ചേന്ദ്രിയങ്ങൾ എല്ലാംതന്നെ ഉപയോഗിക്കുന്നതിനു വേണ്ട സൗകര്യം കുട്ടികൾക്കു നൽകേണ്ടതും ആവശ്യമാണു്. സ്ഥലം, കാലം, കാര്യകാരണങ്ങൾ അഭിനയം ദൃഷ്ടാന്തങ്ങൾ ഇവയോടു ബന്ധിപ്പിച്ചും വിപരീത കാര്യങ്ങളെ ചൂണ്ടിക്കാണിച്ചും പാഠത്തിലുള്ള രസംമൂലം ശ്രദ്ധയെ ആകർഷിച്ചും സ്മരണയെ കൂടുതൽ ദൃഢപ്പെടുത്താം. ആറുമുതൽ പത്തുവരെ പ്രായമുള്ള കുട്ടികളുടെ തലച്ചോർ വളരെ മൃദുവാകയാൽ വസ്തുതകൾ ധാരണയിൽ വേഗം പതിയുന്നു. മനഃപാഠം പഠിക്കുന്നതു് ഈ കുട്ടികൾക്കു് ഇഷ്ടവുമാണു്. ആകയാൽ വിശ്വാസസംബന്ധമായ തത്വങ്ങൾ വിഛേദിച്ചു മുൻപറഞ്ഞ രീതികളിൽ ഈ ഘട്ടത്തിൽ പഠിപ്പിക്കേണ്ടതാണു്. എന്നാൽ സ്മരണ ബോധനാപദ്ധതിയുടെ അന്തമല്ല പ്രജ്ഞാസംസ്കാരത്തിനുള്ള ഒരു ഘട്ടം മാത്രമാണെന്നു പ്രത്യേകം ഓർത്തിരിക്കേണ്ടതാണു്.

Marthoman E Library

ബോധനാ പദ്ധതിയുടെ സംവിധാനത്തിൽ ഏർപ്പെടുന്ന ഒരു അദ്ധ്യാപകൻ മാനസീകവ്യാപാരങ്ങളുടെ മൗലിക തത്വങ്ങൾ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണു്. മനസിനു മൂന്നുവിധം ശക്തികളാണുള്ളതു്. (1) അറിവു് (പ്രജ്ഞ, ബുദ്ധി) (2) വികാരം (3) നിർദ്ദേശം (ഇച്ഛ)—ഇവയിൽ ബുദ്ധിയുടെ പ്രവർത്തനം നിമിത്തം പരമാർത്ഥങ്ങൾ ഗ്രഹിച്ചു ധാരണയിൽ നിലനിറുത്തുന്നു. ആധുനികവിദ്യാഭ്യാസരീതികൊണ്ടു് ഇതുമാത്രമേ സാധിക്കുന്നുള്ളു എന്നു പറയേണ്ടിയിരിക്കുന്നു. നമുക്കു ലഭിക്കുന്ന ഈക്ഷണങ്ങൾ (അറിവു) അവയ്ക്കനുസരണമായ വികാരങ്ങളെ ഉല്പാദിപ്പിക്കുന്നില്ലെങ്കിൽ അവ നിർജ്ജീവങ്ങളാണു്. സുന്ദരമായ സദ്വികാരങ്ങൾ സൗന്ദര്യത്തിന്റെയും നന്മയുടെയും മൂർത്തിയായ ദൈവത്തിങ്കലേക്കു വഴി നടത്തുന്നതാണു്. വികാരങ്ങൾ ഉദ്ദീപിപ്പിക്കപ്പെട്ടാൽ അവ ഒരിക്കലും അതേസ്ഥിതിയിൽതന്നെ നിലകൊള്ളുന്നില്ല. മനോവ്യാപാരത്തിന്റെ മൂന്നാം ഘട്ടമായ നിർദ്ദേശത്തിലേക്കു് (ഒരു പ്രവൃത്തി ചെയ്യണമെന്നുള്ള നിദ്ദേശത്തിലേക്കു) വികാരം മനസ്സിനെ പ്രേരിപ്പിക്കുന്നു. ഇങ്ങനെ പ്രജ്ഞ വികാരമായും, വികാരം നിർദ്ദേശമായും രൂപാന്തരപ്പെടുമ്പോൾ ലഭിക്കുന്ന ഈ അനുഭവം നമ്മെ പ്രവർത്തനത്തിലേക്കു നയിക്കുന്നതാണു്. ഉദാഹരണമായി ഭ്രാന്തുപിടിച്ച ഒരു ആനയെ നാം കാണുന്നു എന്നിരിക്കട്ടെ. അതിനെ കാണുമ്പോൾ നമുക്കുള്ള മുന്നറിവുമൂലം അതിനു ഭ്രാന്താണെന്നുള്ള പ്രജ്ഞ നമ്മിലുണ്ടാകുന്നു. ഇതു തൽക്ഷണം ഭയം എന്ന വികാരത്തെ ഉളവാക്കുകയും ഈ വികാരം ഓടി രക്ഷപ്രാപിക്കണമെന്നുള്ള നിർദ്ദേശത്തെ ജനിപ്പിക്കയും ആ നിർദ്ദേശാനുസരണം നാം പ്രവർത്തിക്കയും ചെയ്യുന്നു. അതിനാൽ ഏതു് അറിവിന്റെയും അന്തം വെറും സ്മരണയല്ല മുൻപറഞ്ഞ രീതിയിലുള്ള ഒരു പ്രവർത്തനമായിരിക്കണം.

വിഭാവനാശക്തി

പൂർവ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിൽ പ്രതിഛായകൾ ഉണ്ടാകുന്നു. പൂർവ്വാനുഭവങ്ങൾ പരിഷ്ക്കരിച്ചും രൂപാന്തരപ്പെടുത്തിയും പുനർജ്ജീവിപ്പിച്ചും പുനഃസംയോജിപ്പിച്ചും നവീനമാനസിക പ്രതിഛായകൾ സൃഷ്ടിക്കുന്നതിനുള്ള കഴിവാണു വിഭാവനാശക്തി. സ്മരണയിൽ പൂർവ്വാനുഭവങ്ങൾ അതേപടി പുനരുല്പാദിക്കപ്പെടുകയേ ചെയ്യുന്നുള്ളു. എന്നാൽ വിഭാവന അവയുടെ അടിസ്ഥാനത്തിൽ ഒരു പുതിയ രൂപം കൈക്കൊള്ളുകയത്രേ ചെയ്യുന്നതു്. ഇന്നലെ നമുക്കുണ്ടായ ഈക്ഷണത്തിൻെറ ഫലമാണു് ഇന്നു നമുക്കുണ്ടാകുന്ന വിഭാവന. വിഭാവനാശക്തിയുടെ പ്രയോഗം നമ്മുടെ യഥാർത്ഥ അനുഭവങ്ങൾ കൊണ്ടു ക്ലിപ്തപ്പെടുത്തിയിരിക്കുന്നതിനാൽ അവ എത്രകണ്ടു വിപുലമായിരിക്കുന്നുവോ അത്രകണ്ടു വിഭാവനകൾക്കുള്ള സാദ്ധ്യതയും ബഹുലമായിരിക്കും. സ്വർഗ്ഗസൗഭാഗ്യത്തെപ്പററിയും ആത്മനിർവൃതിയെക്കുറിച്ചും ആവശ്യമായ വിഭാവനകൾ കുട്ടികൾക്കുണ്ടാകണമെങ്കിൽ അവസ്സു് ആധാരമായ പൂർവ്വാനുഭവങ്ങൾ അവർക്കു സിദ്ധിച്ചിരിക്കേണ്ടതാണു്. പരിശുദ്ധനായ ദൈവവും, ദൈവത്തെ ആരാധിക്കുന്ന മാലാഖമാരും, സന്തുഷ്ടമായ സ്വർഗ്ഗീയ ജീവിതവും കുട്ടികൾ വിഭാവന ചെയ്യുന്നതു കുടുംബജീവിതത്തിലും വിദ്യാലയജീവിതത്തിലും ഉള്ള അധിപന്മാരുടെ ജീവിതവിശുദ്ധിയേയും ഇതര അംഗങ്ങളുടെ അനുസരണം, സ്വഭാവം, ഭക്തി, അച്ചടക്കം, ആനന്ദജീവിതം, ആരാധനാരീതികൾ എന്നിവയേയും പററിയുള്ള പ്രേക്ഷണം ആധാരമാക്കി മാത്രമാണു്. അദൃശ്യമായ ആത്മസൗഭാഗ്യവും അതിനു നിദാനമായ ജീവിതവിശുദ്ധിയും വിഭാവനാപരമായ നേട്ടങ്ങളാകയാൽ അവസ്സു വിപരീതമായ ജീവിതാനുഭവങ്ങൾ ബാല്യകാലങ്ങളിൽ ശിശുക്കൾക്കു് അനുഭവപ്പെടുന്നപക്ഷം പിന്നീടു് അവയെപ്പററി എത്ര പുസ്തകങ്ങൾ വായിച്ചാലും, മതാഭ്യസനം നടത്തിയാലും, പ്രസംഗങ്ങൾ ശ്രവിച്ചാലും അവർക്കു ലഭിച്ച പശ്ചാത്തലത്തിൽനിന്നു വിഭിന്നമായ വിഭാവനകളോ തദനുസരണമായ ജീവിതഗതിയോ അവർക്കുണ്ടാകുക ക്ഷണസാദ്ധ്യമല്ല. ഇതുതന്നെയാണു് ഇന്നത്തെ വിശ്വാസവൈപരീത്യങ്ങളുടേയും, മതദ്ധ്വംസനത്തിൻേറയും, അനാസ്തികൃത്തിൻേറയും, ദുഷ്പ്രവൃത്തികളുടേയും മൂലഹേതു.

ആലോചിക്കുന്നതിനു പ്രജ്ഞയും, അനുഭവമാക്കുന്നതിനു വികാരവും പ്രവൃത്തിക്കുന്നതിനു നിർദ്ദേശവും (സന്മാർഗ്ഗശക്തി) ഉൾക്കൊള്ളുന്ന ഒരു മനസ്സു നമുക്കുള്ളതായി മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഒരുവനെ ശരിയായ പ്രവൎത്തനത്തിനു ശക്തനാക്കിത്തീർക്കുക എന്നതാണു സന്മാർഗ്ഗവിദ്യാഭ്യാസത്തിൻെറ ഉദ്ദേശം. ആലോചന സത്യത്തേയും വികാരങ്ങൾ സൗന്ദര്യത്തേയും, അല്ലെങ്കിൽ ദൈവഭക്തിയേയും നിർദ്ദേശം നന്മയേയും പുറപ്പെടുവിക്കുന്നു. അതുകൊണ്ടു് മനസ്സിൻെറ ഈ ത്രിശക്തികൾ അതിൻെറ യഥാർത്ഥ ലക്ഷ്യത്തിലേക്കു വഴി നടത്തത്തക്കവണ്ണം അദ്ധ്യാപകൻ അവയെ സംസ്ക്കരിക്കണം.

Marthoman E Library

നമ്മുടെ രക്ഷകനായ യേശുക്രിസ്തു

ഒന്നാമത്തെ ആദാം മൂലം ദൈവത്തിനും മനുഷ്യനും നഷ്ടപ്പെട്ടുപോയതെല്ലാം രണ്ടാമത്തെ ആദാംമൂലം വീണ്ടെടുത്തു എന്നുള്ള ദൈവത്തിൻെറ പ്രഖ്യാപനം യോഹ. 19:30 ''നിവൎത്തിയായി'' എന്ന വചനത്തിൽ നാം കാണുന്നു. ''നിവൎത്തിയായി'' എന്നുള്ളതു് ജയത്തിൻെറ വചനമായിരുന്നു. പാപത്തിൻെറ മീതെ കൃപ വാഴുവാൻ തക്കവണ്ണം അവശ്യമായ കാര്യങ്ങൾ നിവൎത്തിയായി എന്നാണു് അതിൻെറ സാരം. (റോമ: 5-20 –21) (റോമ. 5:12,15) ''ഏകൻെറ ലംഘനത്താൽ അനേകർ മരിച്ചു എങ്കിൽ ദൈവകൃപയും ഏകമനുഷ്യനായ യേശുക്രിസ്തുവിൻെറ കൃപയാലുള്ള ദാനവും അനേകൎക്കു വേ

ണ്ടി ഏററവും അധികം കവിഞ്ഞിരിക്കുന്നു'' ഇപ്രകാരം മരണത്തിൽനിന്നും മനുഷ്യവർഗ്ഗത്തെ ജീവനിലേക്കു് പ്രവേശിപ്പിക്കുവാൻ അവശ്യമായ കാര്യം നിവൎത്തിയായി എന്നാണു് ആ വചനത്തിൻെറ രഹസ്യം.

മനുഷ്യവർഗ്ഗത്തിൻെറ തലയായി ഒന്നാമത്തെ ആദാമിനെ ദൈവം സൃഷ്ടിച്ചുവച്ചു. ആദാമിനെ സൃഷ്ടിച്ചപ്പോഴും ഉണ്ടായിരുന്നതായ അയോഗ്യത മനുഷ്യവർഗ്ഗം മുഴുവനിലും ഉണ്ടായിരിക്കണമെന്നു് ദൈവം ഉദ്ദേശിച്ചിരുന്നു. എന്നാൽ ആദാം പാപം ചെയ്തു അതുമൂലം ആദാമിലും ആദാമിക വർഗ്ഗത്തിലും ഒരു പാപസ്വഭാവം ഉണ്ടായി. ഈ പാപവീഴ്ച മൂലം മനുഷ്യവർഗ്ഗം പാപത്തോടും സ്വാൎത്ഥത്തോടും സാത്താനോടും ബന്ധിക്കപ്പെട്ടു സാത്താൻെറ രാജ്യത്തിലെ പ്രജയായി. സാത്താൻെറ രാജ്യത്തിൽ മരണവും, ആത്മീയഅന്ധകാരവും, ക്രമരഹിതമായ ജീവിതവും അത്രെ ഉള്ളതു്. പ്രാകൃതമനുഷ്യൻെറ രംഗത്തിലെത്തി പാപിയുടെ അകൃത്യഭാരം മനുഷ്യൻെറമേൽ വന്നുചേൎന്നു. പാപിയുടെമേൽ ഉള്ള ശിക്ഷാവിധിക്കു് മനുഷ്യൻ അർഹനായി പാപിയുടെ നിർഭാഗ്യകരമായ ഒരു ഭാവി മനുഷ്യനു് ലഭിച്ചു. ആദാമിൻെറ വീഴ്ചമൂലം ആദാമിൻെറ സന്തതി മുഴുവനും ഇങ്ങനെ മഹാശാപത്തിൻ കീഴായിത്തീൎന്നു. ഉല്പത്തി 5: 3-ൽ ആദാമിൻെറ സാദൃശ്യത്തിൽ മകനെ ജനിപ്പിച്ചു എന്നു കാണുന്നു. ആദാമിൻെറ പാപസ്വഭാവവും, പാപത്തിൻെറ ഫലവും, പിൻഗാമികൾക്കു് അവകാശമായി. ജഡീക ജനനത്താൽ ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന എല്ലാ മനുഷ്യരും ആദാമിൻെറ അധഃപതനത്തിൽ പങ്കാളികളാണു്.

ആദാമിനെ സൃഷ്ടിച്ചപ്പോഴും ദൈവത്തിൻെറ സഖിത്വത്തിലിരിക്കുന്നതിനും, ദൈവഹിതപ്രകാരം ഭൂമിയിൽ ഭരണം ചെയ്യുന്നതിനും ഇങ്ങനെ ദൈവവുമായി ഒരു ഐക്യത്തിൽ സ്ഥിതിചെയ്യുന്നതിനും ഉദ്ദേശിച്ചിരുന്നു. ആദാം ദൈവത്തോടു് മത്സരിച്ചതിനാൽ ഈ ഐക്യം ശിഥിലീഭവിച്ചു. മനുഷ്യവർഗ്ഗം മുഴുവൻ തന്മൂലം ദൈവത്തിൽ നിന്നും അകന്നുപോയി. ദൈവവും മനുഷ്യനും തമ്മിൽ മറുകര കാണ്മാൻ പാടില്ലാത്ത ഒരു പിളർപ്പു സംഭവിച്ചു. നീതിമാനും പരിശുദ്ധനുമായ ദൈവവും പാപിയും കുററക്കാരനുമായ മനുഷ്യനും തമ്മിൽ ഒരു വലിയ വേർപാടുണ്ടായി.

ഇപ്രകാരം വേർപെട്ടുപോയ മനുഷ്യ വർഗ്ഗത്തിൽ നിന്നു് മനസ്സുള്ള ഏവനും രക്ഷപെടുവാനായി ദൈവം ഒരു മാർഗ്ഗം ഉണ്ടാക്കി. ഈ മാർഗ്ഗം രണ്ടാമത്തെ ആദാമാകുന്ന ക്രിസ്തു ആണു്. ഒന്നാമത്തെ ആദാമിൽ മനുഷ്യവർഗ്ഗം മുഴുവൻ ഉൾപ്പെട്ടു. രണ്ടാമത്തെ ആദാമിൽ മനുഷ്യവർഗ്ഗത്തിൽ നിന്നു വ്യക്തി വ്യക്തിയായി ആകും ഉൾപ്പെടുവാൻ ഒരു മാർഗ്ഗം ഉണ്ടാക്കി. ഒന്നാമത്തെ ആദാമിൻെറ വീഴ്ചയാൽ വരുത്തിയ നാശത്തിനു് രണ്ടാമത്തെ ആദാമിൻെറ വിജയത്താൽ ഒരു പരിഹാരം വരുത്തി. ഒന്നാം മനുഷ്യൻ ശിഥിലീഭവിപ്പിച്ച ഐക്യം, രണ്ടാം മനുഷ്യൻമൂലം വീണ്ടും പ്രാപിപ്പാൻ ഒരു മാർഗ്ഗം ഉണ്ടാക്കി.

Marthoman E Library

K. C. K.

[തുടരും]

9—ാം ക്ലാസ്സ് 2*nd* പേപ്പർ

ഇതു സംബന്ധിച്ചു താഴെക്കാണുന്ന നിശ്ചയം 24-2-'73-ൽ കൂടിയ കമ്മിററി പാസ്സാക്കി. "സഭാചരിത്രം സംബന്ധിച്ചു് ശ്രീ. കെ. ജെ. തമ്പിയുടെ പ്രയത്നത്തിൻെറ അന്തഃസത്ത അതേരീതിയിൽ സ്വീകരിച്ചുകൊണ്ടു്, ആ പുസ്തകത്തിലും മററു പുസ്തകങ്ങളിലും വൈകല്യങ്ങളോ അപര്യാപ്തതകളോ ഉണ്ടെങ്കിൽ അതു പരിഹരിക്കേണ്ടതിനു സിലബസ്സ് കമ്മിററിയെ ഏല്പിക്കേണ്ടതാണെന്നു തീരുമാനിച്ചു. ഈ വർഷം മത്സരപ്പരീക്ഷയ്ക്കു് സഭാചരിത്രത്തിൽനിന്നും ചോദ്യം ഉണ്ടായിരിക്കുന്നതല്ല. വാർഷികപ്പരീക്ഷയ്ക്കു് 2nd പേപ്പറായി സഭാചരിത്രത്തിൽനിന്നുള്ള ചോദ്യക്കടലാസുകൾ ഹെഡ്മാസ്റ്റർമാരുടെ ആവശ്യപ്രകാരം അയയ്ക്കേണ്ടതാകുന്നു."

D. G.

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു.

(തുടർച്ച)

ഒരു ആസ്തിക്യവീക്ഷണം

(ഫാദർ സ്ക്കറിയാ, നെടുന്തള്ളിൽ, ചേലാട്ട്)
—ചേലാട്ട് ഡിസ്ട്രിക്ട് ഇൻസ്പെക്ടർ—

അഖിലാണ്ഡത്തിന്റെ നിസ്സീമമായ സ്ഥലവിസതീർണ്ണത ദൈവത്തിന്റെ സർവ്വ ശക്തിയേയും മഹത്വത്തേയും അല്ലയോ വിളിച്ചറിയിക്കുന്നതു്? ഈ നിസ്സീമതയിൽ ഒരു ചെറിയ സ്ഥാനം മാത്രം വഹിക്കുന്ന ആര്യകുടുംബത്തിൽ– സൗരയൂഥത്തിൽ–സൂര്യനോടു ഏറ്റം അടുത്തു സ്ഥിതിചെയ്യുന്ന മെർക്കുറി (ബുധൻ) എന്ന ഗ്രഹം സൂര്യനിൽനിന്നു് മൂന്നു കോടി 60 ലക്ഷം മൈലും, അതിനുതൊട്ടു് ദൂരെ സ്ഥിതിചെയ്യുന്ന വീനസ് (ശുക്രൻ) 6 കോടി 70 ലക്ഷം മൈലും, അതിനടുത്തു ദൂരെയുള്ള നമ്മുടെ ലോകമാകുന്ന ഭൂമി 9 കോടി 30 ലക്ഷം മൈലും, ഭൂമിയേക്കാളും അകന്നു രണ്ടു ചന്ദ്രന്മാരോടും 200ൽപരം ഉപഗ്രഹങ്ങളോടുംകൂടിയ മാഴ്സ് (കുജൻ, ചൊവ്വാ) 4 കോടി 20 ലക്ഷം മൈലും, 8 ചന്ദ്രന്മാരോടുകൂടിയതും, ഭൂമിയേക്കാൾ 1400 മടങ്ങു് വലിപ്പവുമുള്ള ജൂപ്പിററർ (വ്യാഴം) 48 കോടി 30 ലക്ഷം മൈലും, ചുററും ഒരു വളയത്തോടുകൂടി സ്ഥിതിചെയ്യുന്ന സാററേൺ (ശനി) 88 കോടി 60 ലക്ഷം മൈലും, ചുരുങ്ങിയ പക്ഷം 4 ചന്ദ്രന്മാരോടുകൂടിയ യൂറാനസ് ഗ്രഹം 178 കോടി 30 ലക്ഷം മൈലും, നെപ്ട്യൂൺ 279 കോടി 40 ലക്ഷം മൈലും, സൂര്യനിൽ നിന്നും ഏററവും അകന്ന പ്ലൂട്ടോ Plooto 336 കോടി 60 ലക്ഷം മൈലും ദൂരെ സ്ഥിതിചെയ്യുന്നു. ഭൂമിയുടെ ഏകക ഉപഗ്രഹമാകുന്ന ചന്ദ്രൻ ഭൂമിയിൽനിന്നു രണ്ടു ലക്ഷത്തിമുപ്പത്തൊൻപതിനായിരം മൈല കലയാണു സ്ഥിതിചെയ്യുന്നതു്. ഇവയെല്ലാം ഉൾപ്പെടുന്നതാണല്ലോ നമ്മുടെ സൂര്യനെ കേന്ദ്രീകരിച്ചിരിക്കുന്ന സൗരയൂഥം. പ്ലൂട്ടോയിക്കു പുറത്തു് ഈ സൗരയൂഥത്തിനു സ്ഥലമുള്ളതായി കണക്കാക്കാതിരുന്നാൽപോലും സൗരയൂഥ വൃത്തത്തിലുള്ള സ്ഥലവിസ്താരം ഉദ്ദേശം രണ്ടു ലക്ഷത്തി നാല്പതിനായിരം കോടി (20 സ്ഥാനമുള്ള ഒരു അതിഭീമ സംഖ്യ) ചതുരശ്രമൈലാണെന്നു വരുന്നു. അനന്തവിസ്തീർണ്ണമായ പ്രപഞ്ച സൃഷ്ടിയുടെ ഒരു ചെറിയ അംശമാകുന്ന സൗരയൂഥ വൃത്തത്തിലുള്ള സ്ഥലത്തിന്റെതന്നെ വിസ്താരം അഹോ! ഭയങ്കരം! 'ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു.'

സൗരയൂഥത്തിനു പുറത്തു് അനേകം കോടി മൈൽ ദൂരം ഒരു ശൂന്യത (nothingness) ഉണ്ടെന്നുതന്നെ വിചാരിക്കാം, അതിനും അപ്പുറത്തു് നിസ്സീമമായ സ്ഥലത്തു് (space) അനേകമനേകം കോടി നക്ഷത്രങ്ങൾ (സൂര്യൻ നക്ഷത്രങ്ങളിൽ ഒന്നു മാത്രം) സ്ഥിതിചെയ്യുന്നുണ്ടെന്നും അതിദൂരസ്ഥമായ നമ്മുടെ നഗ്നകണ്ണുകൾക്കു അഗോചരമായ അനവധി നക്ഷത്രങ്ങൾ ഉണ്ടെന്നും, ഓരോ നക്ഷത്രവും സൂര്യനെപ്പോലെ അതിനെ ചുററിത്തിരിയുന്ന ഗ്രഹോപഗ്ര

Marthoman E Library

ഹങ്ങളോടുകൂടിയവയാണെന്നും വെളിച്ചം 180000 മൈൽ വേഗതയിൽ സഞ്ചരിച്ചിട്ട് 8 മിനിററുകൊണ്ട് ഭൂമിയിൽ എത്തുമ്പോൾ നമുക്കു ഏററവും അടുത്ത ഒരു നക്ഷത്രമെന്നു വിചാരിക്കപ്പെടുന്ന അൽഫാസെൻറാറിയിൽനിന്നും വെളിച്ചം 4 വർഷം 4 മാസം കൊണ്ട് മാത്രമെ എത്തുന്നുള്ളുയെങ്കിൽ അടുത്ത ആ നക്ഷത്രം തന്നേയും സൂര്യനേക്കാൾ എത്രമാത്രം നമ്മിൽനിന്നു അകന്നു നിൽക്കുന്നു. സൃഷ്ടി മുതൽ സഞ്ചരിച്ചു തുടങ്ങിയിട്ടും നമുക്കു അവയുടെ വെളിച്ചം ഇതുവരേയും എത്തിച്ചേരാത്ത നക്ഷത്രങ്ങളും ഉണ്ടെന്നു ന്യായമായി ഊഹിക്കാവുന്നതാണ്. ഇവയെല്ലാം ഉൾക്കൊള്ളുന്ന ആകാശ വിതാനം മററനവധി വിതാനങ്ങളിൽ ഒന്നു മാത്രമാണ്! അഹോ സ്ഥലവിസ്താരം എത്രയോ നിസ്സീമം! അത്യത്ഭുതം! ഈ പ്രപഞ്ച വസ്തുക്കളെ സൃഷ്ടിച്ച്, പരിപാലിച്ച്, ക്രമം തെററാതെ ഭരിച്ച് നടത്തുന്ന അപരിമേയനായ സർവ്വശക്തന്റെ ശക്തി എത്ര വിസ്മയനീയം! ഇങ്ങനെ നാം നിരീക്ഷിക്കുമ്പോൾ ജഗന്നിയന്താവിന്റെ മഹത്വത്തേയും, ശക്തിയേയും, ജ്ഞാനത്തേയും, വിവേകത്തേയും, സ്നേഹത്തേയും മററും കുറിച്ച് നാം പഠിക്കുന്നതോടൊപ്പം ദൈവത്തെ സമ്പൂർണ്ണമായി ഗ്രഹിപ്പാനുള്ള നമ്മുടെ അപ്രാപ്തിയും, നിസ്സാരതയും പ്രസ്പഷ്ടമാകുന്നു, ആകയാൽ ദൈവത്തിന്റെ മഹത്വത്തേയും നമ്മുടെ നിസ്സാരതയേയും ഗ്രഹിപ്പാനും നമ്രശിരസ്കരായിനിന്ന് സർവ്വേശ്വരനു മഹത്വം കൊടുത്ത് തനിക്കനുസരണമുള്ളവരായി ജീവിപ്പാനും തക്കവണ്ണം ഈ അഖിലാണ്ഡ മഹാഗ്രന്ഥത്തെ നാം പാരായണം ചെയ്യണം (148-ാം സങ്കീർത്തനം വായിക്ക).

ഇനിയും ദൈവത്തിന്റെ മഹത്വസൃഷ്ടിയായ മനുഷ്യനിൽനിന്നുതന്നെയും ദൈവത്തെ നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ സൃഷ്ടാവായ ദൈവത്തിന്റെ വിശിഷ്ടഗുണങ്ങളുടെ ലാഞ്ഛനകൾ കാണുവാൻ കഴിയും. സ്നേഹം, സ്വാതന്ത്ര്യബുദ്ധി, വിവേകം, ആലോചന, ഔചിത്യബോധം, ക്രമീകരണം, പ്രേരണാശക്തി, സത്യം, നീതി മുതലായ ഗുണങ്ങൾ, പാപത്താൽ വഷളാക്കപ്പെട്ടവനെങ്കിലും മനുഷ്യനിൽ ഏറെക്കുറെ നിലനില്ക്കുന്നുണ്ട്. കല്ലുകൾ കൂട്ടിമുട്ടി അഗ്നി ഉൽപ്പാദിപ്പിക്കുക തൊട്ട് അണുബോംബ്, ഹൈഡ്രജൻബോംബ്, ബഹിർഗോളഗമനം, ഇതര ഗ്രഹസ്പർശനം വരെയുള്ള കണ്ടുപിടുത്തങ്ങൾ മനുഷ്യൻ സാധിച്ചിരിക്കുന്നു. ദൈവദത്തമായ ഈ ബുദ്ധിവിശേഷങ്ങളും കഴിവുകളും മനുഷ്യനിൽ കൂടി സാധിക്കുന്നത് ദൈവത്തിന്റെ ഗുണങ്ങളെ പ്രത്യക്ഷമാക്കുകയല്ലയോ? പാപത്താൽ വഷളാക്കപ്പെട്ട മനുഷ്യനിൽകൂടി നോക്കുമ്പോൾ ദൈവഛായയെ വേണ്ടുംവണ്ണം ഗ്രഹിപ്പാൻ കഴികയില്ല. പൂർണ്ണനും പാപരഹിതനുമായ യേശുക്രിസ്തുവിൽകൂടി ദൈവത്തെ നമുക്കു ഗ്രഹിപ്പാൻ കഴിയും. ക്രിസ്തു ദൈവത്തിന്റെ പൂർണ്ണ വെളിപ്പാടാണ്.

“സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്നവനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ മനുഷ്യപുത്രൻ” (വി. യോഹ 3; 13), ‘ദൈവത്തിന്റെ അടുക്കൽനിന്നു വന്നവൻ മാത്രമെ പിതാവിനെ കണ്ടിട്ടുള്ളു’ (വി. യോഹ. 6: 46) താൻ ദൈവത്തെ വെളിപ്പെടുത്തുകയും (വി യോഹ. 1: 18), തന്നിൽകൂടി ദൈവസന്നിധിയിലേക്കു നമ്മെ അടുപ്പിക്കുകയും ചെയ്യുന്നു (യോഹ. 14: 6). തന്നെ കാണുന്നതുതന്നെ ദൈവത്തെ കാണുകയാണ് (യോഹ. 14: 9, 11; 12;45). ദൈവത്തേയും നമ്മെസംബന്ധിച്ചുള്ള തന്റെ ഉദ്ദേശത്തേയും കുറിച്ച് ക്രിസ്തു നമുക്കു വെളിപ്പെടുത്തിതന്നു (യോഹ 15: 15) ആകയാൽ ക്രിസ്തുവിൽനിന്നു പഠിക്കുന്നവൻ

1–ാം ശതാബ്ദത്തിലെ പലസ്തീൻ ഭരണരീതി

(വേദാദ്ധ്യാപകൻ)

1-ാം ശതാബ്ദത്തിൽ പലസ്തീൻ നാട് റോമൻ സാമ്രാജ്യത്തിനു അധീനമായിരുന്നു. റോമൻ സൈന്യാധിപനായിരുന്ന പോമ്പി ബി. സി. 63–ൽ പലസ്തീൻ പിടിച്ചടക്കി, റോമൻ സാമ്രാജ്യത്തിന്റെ ഒരു ഭാഗമാക്കി. റോമൻ സാമ്രാജ്യത്തിന്റെ സ്ഥാപകൻ ആഗസ്തുസ് Augustus കൈസറത്രെ. ബി. സി. 44-എ. ഡി. 14) റോമൻ സാമ്രാജ്യം മദ്ധ്യധരണിക്കടലിന്റെ തീരപ്രദേശത്തു ചുററുമായി മുഖ്യമായി വ്യാപിച്ചിരുന്നു. കടലിന്റെ കിഴക്കുവശത്തത്രെ പലസ്തീൻ സ്ഥിതി ചെയ്യുന്നതു്. പ്രതാപവാനായിരുന്ന ആഗസ്തുസ് ചക്രവർത്തിയെക്കുറിച്ചു പേർവഴി ചാർത്തുന്നതിനു കൽപന പുറപ്പെടുവിച്ചതായി വി. ലൂക്കോസ് പ്രസ്താവിക്കുന്നുണ്ടു് (ലൂക്കോ. 2: 1).

ആഗസ്തുസിന്റെ പിൻഗാമി തിബേറിയസ് (Tiberius) കൈസറായിരുന്നു (എ. ഡി. 14 37). കർത്താവിന്റെ പരസ്യശുശ്രൂഷയുടെയും കഷ്ടാനുഭവത്തിന്റെയും കാലത്തു് ഭരണം നടത്തിയിരുന്നതു് ഇദ്ദേഹമാണു്. തിബേര്യാസ് കടൽ ഇദ്ദേഹത്തിന്റെ നാമത്തെ നിലനിറുത്തുന്നതത്രെ.

റോമൻ ഭരണരീതി

റോമൻ സാമ്രാജ്യത്തിൽ രണ്ടു രീതിയിലുള്ള ഭരണം നടപ്പിലിരുന്നു. റോമൻ സെനാററിന്റെ ഭരണത്തിൽ ഉൾപ്പെട്ട പ്രോവിൻസുകളും ചക്രവർത്തിയുടെ നേരിട്ടുള്ള ഭരണത്തിൽ ഉൾപ്പെട്ടിരുന്ന പ്രോവിൻസുകളും ഉണ്ടായിരുന്നു. സാമ്രാജ്യം മുഴുവന്റെയും പരമാധികാരി ചക്രവർത്തിയായിരുന്നെങ്കിലും അധികാരം സെനററു് എന്ന സമിതിയിൽ നിക്ഷിപ്തമായിരുന്നു. ജനാധിപത്യരാഷ്ട്രത്തിന്റെ (Republic) അധിപൻ എന്ന നിലയിൽ കൈസർ സെനററിനാൽ തെരഞ്ഞെടുക്കപ്പെട്ടു് നിയമിക്കപ്പെടുകയായിരുന്നു പതിവു്. ഭരണസൗകര്യത്തെ ഉദ്ദേശിച്ചു് പ്രോവിൻസുകളെ രണ്ടായി തി

ദൈവത്തെ അറിയുന്നു. എന്നാൽ ദൈവത്തെ സംബന്ധിച്ചു് നാം പൂർണ്ണമായി അറിയുന്നതു് ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തിൽ അത്രെ. 'അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുന്നതുപോലെതന്നെ കാണും'(യോഹ. 3; 2). യേശുക്രിസ്തുവിൽനിന്നും തന്റെ തിരുവചനങ്ങളിൽനിന്നു. നാം ദൈവത്തെ അറിയുന്നു. 'എന്റെ വചനം കേട്ടു് എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടു്'(യോഹ. 5; 24) എന്നും, ഏക സത്യദൈവത്തെ അറിയുന്നതുതന്നെ നിത്യജീവൻ (യോഹ. 17: 3) എന്നും ക്രിസ്തു അരുളിച്ചെയ്യുന്നു. ആകയാൽ തന്നിൽ വിശ്വസിച്ചു്, തന്റെ വചനം കേട്ടു്, ദൈവിക തിരുവെഴുത്തുകളെ പരിശോധിച്ചു് നമുക്കു് ദൈവത്തെ അറിഞ്ഞു നിത്യജീവൻ പ്രാപിക്കാം. പ്രപഞ്ചത്തേയും അതിൽകൂടി പ്രത്യക്ഷമാകുന്ന ദൈവമഹത്വത്തേയും നമുക്കു നിരീക്ഷണം ചെയ്തു് പഠിക്കാം. ഇങ്ങനെ ദൈവത്തെ സ്നേഹിച്ചു്, ആരാധിച്ചു് ഭാഗ്യകരമായ നിത്യതയെ പ്രാപിക്കാം. 'ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു'

–0–

Marthoman E Library

രിച്ചിരിക്കുന്നു. സെനാറ്റിന്റെ അധീനതയിലുള്ള സ്ഥലങ്ങളെ Proconsul എന്ന ഒരു ഉദ്യോഗസ്ഥൻ ഭരിച്ചിരുന്നു. ചക്രവർത്തിയുടെ കീഴിലുള്ള വലിയ പ്രദേശങ്ങളെ ലഗേറ്റ് (Legate) എന്ന ഉദ്യോഗസ്ഥനും ചെറിയ രാജ്യങ്ങളെ പ്രൊക്കുറേറ്റർ (Procurator) അല്ലെങ്കിൽ Prefect (പ്രീഫെക്റ്റ്) ഭരണം നടത്തിപ്പോന്നു, മാസിഡോണിയാ, ആഫ്രിക്കാ, ആസ്യാ, കുപ്രോസ് ആദിയായ പ്രദേശങ്ങൾ സെനറ്റിന്റെ ഭരണത്തിലും, സിറിയാ, പലസ്തീൻ, ഗലാത്തിയാ ആദിയായ രാജ്യങ്ങൾ ചക്രവർത്തിയുടെ നേരിട്ടുള്ള ഭരണത്തിലും സ്ഥിതി ചെയ്തിരുന്നു. അ. പ്ര. 13: 7-ൽ പറയുന്ന ദേശാധിപതി ഒരു Proconsul ആയിരുന്നു. ഭരണവിഷയത്തിൽ കൂടുതൽ പ്രയാസമുള്ള പ്രവിശ്യകളായിരുന്നു ചക്രവർത്തി നേരിട്ട് ഏറ്റെടുത്തിരുന്നത്. യഹൂദന്മാരിൽനിന്ന് അടിക്കടി ലഹളകൾ ഉണ്ടായിക്കൊണ്ടിരുന്നതുകൊണ്ട് യഹൂദനാടിന്റെ ഭരണം ചക്രവർത്തി നേരിട്ട് ഏറ്റെടുത്ത് ഒരു ഗവർണറെ (Procurator) അവിടെ നിയമിച്ചിരുന്നു. അങ്ങനെയുള്ള ഒരു ഗവർണറായിരുന്നു പീലാത്തോസ്. അദ്ദേഹത്തിന്റെ ആസ്ഥാനം കൈസര്യാ ആയിരുന്നു. ഗവർണറെ സഹായിക്കുന്നതിനും ലഹളകൾ അമർച്ച ചെയ്യുന്നതിനും റോമൻപട്ടാളത്തെ പ്രധാന കേന്ദ്രങ്ങളിലെല്ലാം സൂക്ഷിച്ചിരുന്നു. അ. പ്ര. 10: 1 നോക്കുക. ശതാധിപൻ ഒരു റോമൻ സൈനികോദ്യോഗസ്ഥൻ ആയിരുന്നു. പട്ടാളക്കാർക്കു വേഗം സഞ്ചരിക്കുന്നതിനു വേണ്ടി പ്രധാന പട്ടണങ്ങളെ തമ്മിൽ ബന്ധിക്കുന്ന റോഡുകൾ റോമർ നിർമ്മിച്ചിരുന്നു. റോമൻ ഗവർമ്മെന്റിന്റെ ഒരു വരുമാനമാർഗ്ഗമായിരുന്നു ചുങ്കം. ചുങ്കം പിരിക്കുന്ന റോമൻ ഉദ്യോഗസ്ഥനായിരുന്നു അപ്പോസ്തോലനായ വി. മത്തായി.

Marthoman E Library

പ്രധാന റോമൻ പട്ടണങ്ങൾക്കെല്ലാം ഉൾഭരണസ്വാതന്ത്ര്യം അനുവദിച്ചിരുന്നു. നഗരശുചീകരണം, വിദ്യാഭ്യാസം, കരം പിരിവ് ആദിയായ കാര്യങ്ങളിൽ അവർ ശ്രദ്ധ പതിച്ചിരുന്നു. കേസുകളും തർക്കങ്ങളും തീർച്ച ചെയ്യുന്നതിനുള്ള പ്രത്യേക സമിതികളും അവർക്കുണ്ടായിരുന്നു. അങ്ങനെയുള്ള ഒരു ഭരണസമിതിയായിരുന്നു അഥേന പട്ടണത്തിലെ അറിയോപാഗസ്. പൗലോസിനെ വിസ്തരിച്ച അറിയോപാഗസിനെ സംബന്ധിച്ച് അ. പ്ര. 17: 22-ൽ നാം വായിക്കുന്നു.

പലസ്തീൻനാട് റോമൻ ഗവർമ്മെന്റിന്റെ അധീനതയിൽപെട്ട ഒരു വിഭാഗമായിരുന്നു എന്ന് മുമ്പു പറഞ്ഞുവല്ലോ. ഇൻഡ്യയിൽ ബ്രിട്ടീഷ്ഭരണം നിലനിന്നിരുന്ന കാലത്തുണ്ടായിരുന്ന ഏതദ്ദേശ്യരാജ്യങ്ങളിൽ ഒന്നിലെ ഭരണംപോലെ ആയിരുന്നു അന്ന് പലസ്തീൻനാടിന്റെ ഭരണം. അന്ന് ബ്രിട്ടീഷ് മേൽക്കോയ്മയ്ക്ക് അധീനമായി നാട്ടുരാജാക്കന്മാർ ഭരിച്ചുപോന്നു. ബ്രി. ചക്രവർത്തിയെ പ്രതിനിധീകരിച്ച് റസിഡന്റന്മാർ ഓരോ രാജ്യത്തും താമസിച്ച് മേൽനോട്ടം വഹിക്കുകയും ചെയ്തുവന്നു. അതുപോലെ റോമൻ ചക്രവർത്തിയുടെ പ്രതിനിധിയായി ഒരു ഗവർണ്ണറും -procurator- ചക്രവർത്തിയുടെ മേൽക്കോയ്മ സമ്മതിച്ചുകൊണ്ട് ഒരു ഏതദ്ദേശ്യരാജാവും ഭരിച്ചിരുന്നു. അങ്ങനെയുള്ള ഒരു റോമൻ ഗവർണ്ണറായിരുന്നു പീലാത്തോസ്. നാട്ടുരാജാവ് ഹേരോദേസും. ഏതദ്ദേശ്യരാജാക്കന്മാർക്ക് ഉൾഭരണസ്വാതന്ത്ര്യം അനുവദിച്ചിരുന്നു. ഭരണദൂഷ്യം കണ്ടാൽ അവരെ മാറ്റുകയും മറ്റാളുകളെ നിയമിക്കുകയും ചെയ്തുപോന്നു.

മതസഹിഷ്ണത ഉള്ളവരായിരുന്നു റോമൻ ഗവർമ്മെന്റ്. പ്രധാന പട്ടണങ്ങളിലെല്ലാം യഹൂദന്മാർ കുടിയേറി പാർക്കുന്നതിനും, വേദം പ്രചരിപ്പിക്കുന്നതിനും അവർ അനുവദിച്ചിരുന്നു. അപൂർവം സന്ദർഭങ്ങ

ളിൽ മാത്രമേ അവരോട് നിർദ്ദയമായി പെരുമാറിയിരുന്നുള്ളു. അ. പ്ര. 18: 2. യഹൂദ്യയിലെ യഹൂദന്മാർ, ഗവർമ്മെൻറിനെ തകിടം മറിക്കാൻ ശ്രമിച്ചതുകൊണ്ട് അവരെ അമർച്ച ചെയ്യുന്നതിനായി ഗവർമ്മെൻറ് ഉദ്യമിക്കയും, എ. ഡി. 70-ൽ അവരുടെ ദേവാലയം നശിപ്പിക്കയും ചെയ്തതു്. സീസർ ആരാധനയോടെതിർത്തതുകൊണ്ട് അവർ ക്രിസ്ത്യാനികളെയും പീഡിപ്പിച്ചു.

ഹേറോദേസിൻെറ വംശം (ബി. സി. 37-4)

ഹേറോദേസ് ഇസ്റായേൽ വംശജനായിരുന്നില്ല, ഒരു ഇദുമ്യനായിരുന്നു [Idumean] മക്കാബി വംശജനായ ജോൺ ഹൈക്കാനസ് ഇദുമിയ പിടിച്ചപ്പോൾ, ഹേറോദേസിൻെറ പിതാവായ അന്തിപ്പാസ്— [Antipeter] യഹൂദമതം സ്വീകരിച്ചു. പുത്രനായ ഹേറോദേസ് അങ്ങനെ ഒരു യഹൂദനായി വളർത്തപ്പെട്ടുവന്നു. റോമൻ ചക്രവർത്തി ജൂലിയസ് സീസർ, അന്തിപ്പാസിനെ ബി. സി. 47—ൽ യഹൂദിയായിലെ ഒരു ഗവർണറായി [procurator] നിയമിച്ചു. അന്തിപ്പാസ് മരിച്ചപ്പോൾ ബി. സി. 37-ൽ ഹേറോദേസ് പലസ്തീൻ മുഴുവൻെറയും രാജാവായി നിയമിക്കപ്പെട്ടു ഹേറോദേസ് പ്രാപ്തനും പ്രഗൽഭവാനുമായ ഒരു ഭരണാധിപനായിരുന്നു. മക്കാബിയ വംശത്തിൽ ശേഷിച്ചിരുന്ന തൻെറ എതിരാളികളെ എല്ലാം കൊന്നൊടുക്കി ഭരണം സുരക്ഷിതമാക്കി ശലോമോൻെറ മഹിമയോടും പ്രതാപത്തോടും കൂടി ഭരിക്കണമെന്നായിരുന്നു തൻെറ മോഹം. കൈസറിയാ പട്ടണം അയാൾ സ്ഥാപിച്ചു പോമ്പി നശിപ്പിച്ച യെറുശലേം ദേവാലയം ഏററം മനോഹരമായ നിലയിൽ പണിചെയ്തു. പണി പൂർത്തിയായതു് എ. ഡി. 64-ൽ മാത്രമായിരുന്നു. പൗരസ്ത്യദേശങ്ങളിലെ ഏററം വിശേഷമായ ഒരു നഗരമായി യേറുശലേം പണികഴിക്കപ്പെട്ടു. ഹേറോദേസിനു് 10 ഭാര്യമാരും അനേകം പുത്രന്മാരുമുണ്ടായിരുന്നു. ഒരു ഏദോമ്യവംശജനെന്നുള്ള കാരണത്താൽ യഹൂദന്മാർക്ക് ഇയ്യാളോട് വെറുപ്പാണുണ്ടായിരുന്നതു്. ഹൃദയത്തിൽ അയാൾ യഹൂദന്മാരെയും വെറുത്തിരുന്നു. ഗ്രേക്കരോടും റോമരോടുമായിരുന്നു അയാളുടെ മമത. അവർക്കുവേണ്ടി പല ക്ഷേത്രങ്ങൾ അയാൾ പണിചെയ്തു കൊടുത്തു.

ഹേറോദേസ് ശക്തനും കലാപ്രണയിയും ആയിരുന്നതുപോലെ തന്നെ നിഷ്ഠൂരനും അധികാരപ്രമത്തനുമായിരുന്നു. കുററവാളികളെ കുരിശിൽ തറച്ചുപോലും കൊല്ലിക്കുന്നതിനു് അയാൾ മടിച്ചിരുന്നില്ല. ഓരോ കാരണം പറഞ്ഞു് അയാളുടെ ഭാര്യ മറിയാമ്മിനേയും, ഭാര്യാസഹോദരൻ അരിസ്റോബുലസിനെയും, അവളുടെ പിതാമഹൻ പ്രധാനാചാര്യനായ ഹൈർക്കാനസിനെയും, അയാളുടെ പുത്രന്മാരിൽ അരിസ്റോബുലസ്, അലക്സാണ്ടർ, ആൻറിപേററർ എന്നിവരെയും അയാൾ വധിപ്പിക്കയുണ്ടായി. കർത്താവിൻെറ ജനനത്തെ തുടർന്നു് അനേകായിരം ശിശുക്കളെ അയാൾ കൊല്ലിച്ചതിൽ അതിശയിപ്പാനില്ല. അയാളുടെ ചരമത്തിൽ വിലപിക്കവാൻ അനേകർ ഉണ്ടാകുന്നതിനുവേണ്ടി പലരേയും വധിക്കുന്നതിനു് അയാൾ മരണത്തിനു മുമ്പ് ഏർപ്പാടു ചെയ്തിരുന്നു എന്നുപോലും പറയപ്പെടുന്നുണ്ടു്. മഹാനായ ഹേറോദേസ് എന്ന പേരിലത്രെ അയാൾ പിൽക്കാലത്തു് അറിയപ്പെട്ടിരുന്നതു്.

ഹേറോദേസ് അന്തിപ്പാസ്
ബി സി. 4—എ. ഡി. 39

മഹാനായ ഹേറോദേസിൻെറ പുത്രനായിരുന്നു അന്തിപ്പാസ്. മാതാവു് ഒരു ശമറിയാക്കാരിയായ മാൽത്തേക്ക് (Malthake) ആയിരുന്നു. ഹേറോദേസ് മരിച്ചപ്പോൾ അയാളുടെ വിൽപ്പത്രപ്രകാരം ഗലീല, പെറിയ എന്നീ പ്രദേശങ്ങളുടെ ഭരണം അന്തിപ്പാസിനു ലഭിച്ചു. അയാൾ അറേബ്യരാജാവായ അറിത്താസിൻെറ (Aretas) പുത്രിയെ

Marthoman E Library

പരിഗ്രഹിച്ചു. എന്നാൽ അവളെ ഉപേക്ഷിച്ചശേഷം തന്റെ സഹോദരൻ പീലിപ്പോസിന്റെ ഭാര്യ ഹേരോദ്യയെ പരിഗ്രഹിച്ച് യോഹന്നാൻ സ്നാപകന്റെ ശാസനയ്ക്കു കാരണമാക്കി. യോഹന്നാനെ വധിച്ചതും (മത്താ. 14: 10) കർത്താവിനെ പിന്നീട് വിസ്തരിച്ചതും ഇയ്യാളതന്നെ. തിബേറിയോസ് ചക്രവർത്തിയുടെ നാമത്തിൽ തിബേറിയസ് പട്ടണം പണിചെയ്തതും ഇയ്യാളത്രെ. ഇയ്യാളുടെ ആദ്യഭാര്യയെ ഉപേക്ഷിച്ചതിനെ തുടർന്ന് അറേബ്യൻ രാജാവായ അറിത്താസ് ഇയ്യാളെ ഒരു യുദ്ധത്തിൽ നിശേഷം തോല്പിച്ചു. ഏറെത്താമസിയാതെ ഏ. ഡി. 38-ൽ റോമ്മൻ ചക്രവർത്തി ഇയാളെ ഗോളിലേക്കു നാടുകടത്തി രാജ്യം ഹേറോദേസിന്റെ പൗത്രനായ അഗ്രിപ്പാരാജാവിനെ ഏൽപിക്കയും ചെയ്തു.

Marthoman E Library

ഹേറോദേസ് അർക്കലെയോസ്

ബി. സി. 4–ഏ. ഡി. 6

ഹേറോദേസിന്റെ വേറൊരു പുത്രനായിരുന്നു അർക്കലെയോസ്. മാതാവ് മാൽതക്കേതന്നെ. പുത്രന്മാരിൽ ഏറ്റം അധമനായിരുന്നു അർക്കലെയോസ്. ഹേറോദേസ് തന്റെ വിൽപ്പത്രപ്രകാരം, യഹൂദ്യയും ശമറിയയും ഈ ആൾക്കു നൽകി. പക്ഷെ ഇയാളുടെ ഭരണദൂഷ്യംകൊണ്ട് ആഗസ്തുസ് ചക്രവർത്തി ഇയാളെ ഏ. ഡി. 6-ൽ സിംഹാസനത്തിൽനിന്നു ബഹിഷ്കരിക്കുകയും രാജ്യം ഒരു റോമ്മൻ ഗവർണറുടെ നേരിട്ടുള്ള ഭരണത്തിൽ ആക്കിവയ്ക്കയും ചെയ്തു. ഏ. ഡി. 41-ൽ യഹൂദ്യാഭരണം കൂടെ അഗ്രിപ്പാരാജാവിനെ ഏൽപ്പിച്ചു. അർക്കലെയോസിനെപ്പററി മത്താ. 2: 22-ൽ നാം വായിക്കുന്നു. മിസ്രയിമിൽനിന്നു തിരിച്ചുപോന്ന വി. മറിയ, യഹൂദ്യയിൽ പാർക്കാതെ ഗലീലയിലേക്കു പോകാൻ കാരണമെന്തെന്ന് അവിടെ പറയുന്നു.

ഹേറോദേസ് പീലിപ്പോസ് II

ബി. സി. 4–ഏ. ഡി. 34

ഇയാൾ ഹേരോദ്യയുടെ ഭർത്താവായ പീലിപ്പോസല്ല. വിൽപത്രപ്രകാരം യോർദ്ദാന്റെ കിഴക്കുള്ള ഇത്തുറിയാ, ത്രഖോണത്തി എന്നീ പ്രദേശങ്ങളുടെ ഭരണം ലഭിച്ച ആളാണ് ലൂക്കൊ. 3: 1. ഇയാളുടെ മാതാവ് ക്ളെയോപത്ര ആയിരുന്നു. ഇയാൾ ഉത്തമനായ ഒരു ഭരണാധിപനായിരുന്നു. കൈസറിയാ ഫിലിപ്പിയാ, ബത്സൈദാ എന്നീ പട്ടണങ്ങൾ ഇയാൾ പണിചെയ്യിച്ചു. ഹേരോദ്യായുടെ പുത്രിയായ ശലോമിയായിരുന്നു ഇയാളുടെ ഭാര്യ. മക്കളില്ലാതിരുന്നതുകൊണ്ട് ഇയാളുടെ മരണാനന്തരം രാജ്യങ്ങൾ റോമ്മൻ പ്രവിശ്യയായിരുന്ന സുറിയായോടു ചേർക്കപ്പെട്ടു.

പീലിപ്പോസ് ഒന്നാമന്റെ ഭാര്യയായിരുന്ന ഹേരോദ്യ, അവന്റെ സഹോദരനും മഹാനായ ഹേറോദേസിന്റെ വേറൊരു പുത്രനുമായിരുന്ന അറിസ്റ്റോബുലസിന്റെ പുത്രിയായിരുന്നു. അവളുടെ സഹോദരനത്രെ അഗ്രിപ്പാ പ്രഥമൻ.

അഗ്രിപ്പാ I

മഹാനായ അഗ്രിപ്പാ എന്ന പേരിൽ ഇയാൾ സാധാരണ അറിയപ്പെട്ടിരുന്നു. അറിസ്റ്റോബുലസിന്റെ പുത്രനും ഹേറോദേസിന്റെ പൗത്രനുമായ ഇദ്ദേഹം ബാല്യകാലം കഴിച്ചതു് റോമിൽതന്നെയായിരുന്നു. തൽഫലമായി ചക്രവർത്തിമാരായ കലിഗുലായും ക്ളോഡിയസുമായി സ്നേഹബന്ധം സമ്പാദിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചു. കലിഗുല ഏ. ഡി. 37-ൽ ചക്രവർത്തിയായപ്പോൾ പീലിപ്പോസിന്റെ ഭരണത്തിലിരുന്ന സ്ഥലങ്ങൾ അഗ്രിപ്പായിക്കു വിട്ടുകൊടുത്തു. 38-ൽ ഗലീലയും പെറിയയും കൂടെ ഏൽപിച്ചു. അഗ്രിപ്പാ ചെയ്തുകൊടുത്ത സേവനത്തെ പരിഗണിച്ച് ഏ. ഡി. 41-ൽ ക്ളോഡിയസ് ചക്ര

സൺഡേസ്കൂൾ വാർത്തകൾ

അദ്ധ്യാപകയോഗം.

ഓമല്ലൂർ ഡിസ്ട്രിക്ട് സണ്ടേസ്കൂൾ അദ്ധ്യാപകരുടെ 1972–ലെ വാർഷികം പ്രക്കാനം St·Mary's & St, James പള്ളിയിൽവെച്ച് ഇടവകമെത്രപ്പോലീത്താ നി. വ. ദി. ശ്രീ. ദാനിയേൽ മാർ പീലക്സീനോസ്, തിരുമേനിയുടെ അദ്ധ്യക്ഷതയിൽകൂടി. തിരുമേനിയുടെ ഉപക്രമ പ്രസംഗത്തിനു ശേഷം, വികാരി ദിവ്യശ്രീ K. I. വറുഗീസ്, ഭദ്രാസന ഡയറക്ടർ ശ്രീ. M. V. എബ്രഹാം, ശ്രീ. T. T. ഡാനിയേൽ M. A, Rev. Father E. O തോമസ് എന്നിവരുടെ പ്രസംഗങ്ങളും പണ്ഡിററ്, ശ്രീ. തോമസ് തുമ്പമൺ അവർകളുടെ ഒരു മാതൃകാപാഠവും ഉണ്ടായിരുന്നു. പള്ളിവകയായി ഉച്ചയൂണും വൈകിട്ട് ചായസൽക്കാരവും ഉണ്ടായിരുന്നു. ശ്ര... മീററിംഗിൽ ഹെഡ്മാസ്റർ ശ്രീ. ക... P. E. മാത്യു സ്വാഗതവും, ഡിസ്... ക്ട് ഇൻസ്പെക്ടർ ശ്രീ. M ചാണ്ടപ്പിള്ള കൃതജ്ഞതയും പറഞ്ഞു. 5 മണിയോടു കൂടി മീററിംഗ് പര്യവസാനിച്ചു.

"അടൂർ ഡിസ്ററിക്ട് സണ്ടേസ്കൂൾ അദ്ധ്യാപക സെമിനാർ"

തന്നാണ്ടു രണ്ടാമത്തു സമ്മേളനം കഴിഞ്ഞ ഓഗസ്ററ് 13–ാം തീയതി ഞായറാഴ്ച പഴകുളം മാർ ഗ്രീഗോറിയോസ് പള്ളിയിൽവച്ച് റവ. ഫാ. കെ. ഒ. തോമസ് അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീമാൻ L. ജോണി B. A. B. Ed. അവർകൾ കുദാശയെപ്പററി 5-ാം ക്ലാസ്സിലെ

Marthoman E Library

വത്തി അയാൾക്കു യഹൂദ്യയും ശമറിയയും കൂടെ വിട്ടുകൊടുത്തു. ഇങ്ങനെ പലസ്തീൻ രാജ്യം മുഴുവൻ അയാളുടെ ഭരണത്തിൽ അമർന്നു. അയാൾ വൈരാഗ്യമേറിയ ഒരു യഹൂദനായിരുന്നു. യേറുശലേമിലെ ക്രിസ്ത്യാനികളെ പീഡിപ്പിക്കയും കർത്താവിന്റെ ശിഷ്യനായ യാക്കോബിനെ വധിക്കയും ചെയ്തതിൽ അതിശയിപ്പാനില്ല അ. പ്ര. 12: 1. അയാൾക്കു അഗ്രിപ്പാ എന്നൊരു പുത്രനും, ബർനിക്യാ, ദ്രുസില്ലാ എന്ന രണ്ടു പുത്രിമാരുമുണ്ടായിരുന്നു. എ. ഡി. 44-ൽ അയാൾ പരമമടഞ്ഞു.

അഗ്രിപ്പാ II

പിതാവു മരിച്ചപ്പോൾ അഗ്രിപ്പായിക്കു 17 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. അതുകൊണ്ടു പലസ്തീൻഭരണം ചക്രവത്തി നേരിട്ടെടുത്തു. എ. ഡി. 48-ൽ ക്ലോഡിയസ് അയാൾക്കു Chalcis വിട്ടുകൊടുത്തു. നീറോചക്രവത്തി, പലസ്തീന്റെ ഭരണം അയാളെ ഏൽപിച്ചു. കൈസറിയാ ഫിലിപ്പി തലസ്ഥാനമാക്കിക്കൊണ്ടു അയാൾ ഭരണം നടത്തി. യേറുശലേം ദേവാലയത്തിന്റെ പണി പൂർത്തിയാക്കിയതു ഇയാളായിരുന്നു. വി. പൗലോസിനെ വിസ്തരിച്ചതു ഈ രാജാവത്രെ. അ. പ്ര 26. എ. ഡി. 70-ൽ റോമൻ സൈന്യം യേറുശലേം നിരോധിച്ചപ്പോൾ അയാൾ റോമരെ സഹായിക്കയത്രെ ചെയ്തതു. എ. ഡി. 100–നോടു ചേർന്നു റോമിൽ വച്ചു അയാൾ മൃതിയടഞ്ഞു. ഇതോടുകൂടി ഹേരോദ്യവംശം അവസാനിച്ചു.

ദ്രുസില്ല. റോമൻ ഗവർണ്ണറായ ഫെലിക്സിന്റെ ഭാര്യയായിരുന്നു അ. പ്ര. 24: 24.

-0-

...ാസ്സെടുക്കുകയും ശ്രീമാൻ ...ദി B. A. B. Ed. അവർ ...ിയമകാലം മുതൽക്ക് സഭയുടെ ...ന്റെ പുരാതനത്വത്തിനുള്ള തെളി... അദ്ധ്യാപകർക്ക് അദ്ധ്യാപനം വി...രമാക്കുന്നതിനുണ്ടായിരിയ്ക്കേണ്ട 7 ...ശിഷ്ട ഗുണങ്ങളെപ്പററിയും ഡയറക്ടർ ശ്രീ. C. C. ജോർജ്ജു് അവർകൾ അദ്ധ്യാപകർ Cause, Course, result എന്നീ മൂന്നു ദശങ്ങളെ മുൻനിർത്തി അദ്ധ്യായനം നടത്തേണ്ടതിന്റെ ആവശ്യത്തെപ്പററിയും പ്രയോജനകരങ്ങളായ പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. ഇൻസ്പെക്ടർ ശ്രീ. സഖറിയാ ഉമ്മൻ അവർകൾ അസ്സോസിയേഷന്റെ മേൽനടത്തിപ്പിനെപ്പററി ചില നിർദ്ദേശങ്ങൾ വിശദമായി സമർപ്പിച്ചു. ശ്രീമാൻ E. A. കോശി സ്വാഗതവും ഡി. ഇൻസ്പെക്ടർ കൃതജ്ഞതാപ്രകടനവും നടത്തി. ഈ വർഷത്തെ വാർഷികം 73 ജനുവരി ആദ്യത്തെയോ രണ്ടാമത്തേയോ ഞായറാഴ്ച കരുവാററ St. Mary's പള്ളിയിൽവച്ച് അഭിവന്ദ്യ മാർ ക്ലീമീസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തണമെന്നു നിശ്ചയിച്ചു. സമ്മേളനാനന്തരം ഇടവകയുടെ ചുമതലയിൽ ചായസൽക്കാരവുമുണ്ടായിരുന്നു.

"സെന്റ് തോമസ് ചരമശതാബ്ദി ദിനാഘോഷം —കലഞ്ഞൂർ St. George പള്ളി Sunday School.

ഇടവക തലത്തിൽ റാലി മുതലായ വിപുല പരിപാടികളോടുകൂടി മാർ തോമ്മാ ചരമശതാബ്ദി സെപ്ററംബർ മാസം മൂന്നാം തീയതി ആഘോഷിച്ചു എങ്കിലും കേന്ദ്ര നിർദ്ദേശാനുസരണം october 15 th തന്നെ Sunday School ന്റെ ആഭിമുഖ്യത്തിൽ കൊല്ലം ഭദ്രാസന സെക്രട്ടറി റവ. ഫാ. K. Issac B. A. B. T യുടെ അദ്ധ്യക്ഷതയിൽ സമുചിതമായി കൊണ്ടാടി. പ്രസംഗങ്ങൾ, പാട്ടുകൾ, action songs, ഗാനങ്ങൾ, പദ്യശലകങ്ങൾ, തമാശകൾ മുതലായ വിവിധ പരിപാടികളിലായി 23 വിദ്യാർത്ഥികൾ പങ്കെടുത്തു് മീററിംഗ സജീവമാക്കിത്തീർത്തു.

വിദ്യാർത്ഥികളുടെ സംസ്ക്കാരിക നിലവാരം ഉയർത്തുന്നതിനായി എല്ലാ മാസവും ഓരോ സാഹിത്യസമ്മേളനങ്ങൾ നടത്തുന്നുണ്ടായിരുന്നു. ഈ മാസത്തെ സമ്മേളനം മാർ തോമ്മാശ്ലീഹായുടെ അപദാനങ്ങളെ വാഴ്ത്തിപ്പുകഴ്ത്തുന്നതിനും സഭാചരിത്രത്തിൽ വിദ്യാർത്ഥികളുടെ അറിവ് വർദ്ധിപ്പിക്കുന്നതിനും വളരെ സഹായിച്ചു.

അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിൽ സഭയുടെ കാതലായ വിശ്വാസത്തിലും ചരിത്രത്തിലും ഉറച്ചുനിൽക്കണമെന്നു ഉൽബോധിപ്പിച്ചു. ശ്രീ. ററി. ഒ. മാത്യു സ്വാഗതവും ശ്രീ. ചാക്കോ കെ. മത്യു കൃതജ്ഞതയും പറഞ്ഞു.

കാതോലിക്ക ഗാനത്തോടുകൂടി മീററിംഗ് മംഗളമായി പര്യവസാനിച്ചു.

ശ്രീ. ജി. മത്തായിയുടെ വകയായി പാച്ചോർ വിതരണം ഉണ്ടായിരുന്നു.

പിച്ചി ഡിസ്ററിക്ട് സണ്ടേസ്കൂൾ അദ്ധ്യാപകയോഗം.

11–11–72. ശനിയാഴ്ച 10 മണി മുതൽ 4 മണി വരെ മരോട്ടിച്ചാൽ സെന്റ് ജോർജ്ജ് പള്ളിയിൽവച്ച്, റവ. ഫാദർ. വി. കെ. പൗലോസ് അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ. പി. പി. ഐസക്ക് മാതൃകാക്ലാസ്സ് എടുത്തു. എം. വി. വറുഗീസ് പ്രസംഗിച്ചു. ശ്രീ. എം. വി. ജോർജ്ജ് ഉപന്യാസം വായിച്ചു. ഇൻസ്പെക്ടറായിരുന്ന റവ. ഫാദർ. ററി. ഐ. വറുഗ്ഗീസ്സ് അവറുകളുടെ അസൗകര്യം നിമിത്തം. ശ്രീ. കെ. കെ. മത്തായി. B. Sc. L. L. B. അവറുകളെ ഇൻസ്പെക്ടറായി ഐകകണ്ഠ്യേന

Marthoman E Library